മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നം. (*331)

വൈദ്യുതി വകുപ്പിന് കീഴിലുള്ള ഡാമുകളുടെ പരിശോധന

(*331) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ:
ശ്രീ. കെ.കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വകുപ്പിന് കീഴിലുള്ള ഡാമുകളുടെ സുരക്ഷയെ സംബന്ധിച്ച് ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഡാമുകളുടെ നിലവിലെ സംഭരണ ശേഷി പുനർനിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) വൈദ്യുതി വകുപ്പിന് കീഴിലുള്ള ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഇപ്പോൾ നടത്തിവരുന്ന പരിശോധനകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ഇതിനായി ഡാം സേഫ്റ്റി അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത ഡാമുകളോടനുബന്ധിച്ച് ടൂറിസം പ്രോജക്ടുകൾ നടപ്പാക്കുന്നത് എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത പ്രോജക്ടുകൾ കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് II & III (DRIP II & III)-യുമായി ബന്ധപ്പെട്ട് കേന്ദ്രജലകമ്മീഷന്റെ (CWC) നിർദ്ദേശാനുസരണം രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനൽ (DSRP) സംസ്ഥാനത്ത് വൈദ്യുതി വകുപ്പിന് കീഴിലുള്ള താഴെ പറയുന്ന പ്രധാന ഡാമുകളുടെ സുരക്ഷയെ സംബന്ധിച്ച് പരിശോധന നടത്തുകയും 2020-21 കാലയളവിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്മേൽ കേന്ദ്രജല കമ്മീഷന്റെ മാർഗ്ഗനിർദ്ദേശാനുസരണം ഡാം സുരക്ഷയുമായി ബന്ധപ്പെട്ട ജോലികൾ നടന്നുവരികയാണ്. ഡാം സേഫ്റ്റി റിവ്യൂ പാനൽ പരിശോധന നടത്തിയ ഡാമുകളുടെ പട്ടിക: -

1)ഷോളയാർ മെയിൻ ഡാം 2)ഷോളയാർ ഫ്ളാങ്കിംഗ് ഡാം 3)ഷോളയാർ സാഡിൽ ഡാം 4)പൊരിങ്ങൽക്കുത്ത് 5)ഇടമലയാർ 6)ഇടുക്കി

7)ചെറുതോണി 8)കുളമാവ് 9)കുളമാവ് സാഡിൽ ഡാം 10)കക്കയം 11)കക്കയം ഓഗ്മെന്റേഷൻ മെയിൻ ഡാം 12)കക്കയം ഓഗ്മെന്റേഷൻ സ്പിൽവെ ഡാം 13)പമ്പ 14)ആനത്തോട് 15)കക്കി 16)മൂഴിയാർ 17)പാംബ്ല 18)കല്ലാർകുട്ടി 19)ആനയിറങ്കൽ 20)മാട്ടുപ്പെട്ടി 21)കണ്ടള 22)പൊന്മുടി.

പരിശോധന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് രണ്ടും മൂന്നും ഘട്ട പദ്ധതിയുടെ ഭാഗമായി, കേന്ദ്ര ജല കമ്മീഷന്റെ നിർദ്ദേശാനുസരണം രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനൽ ടീം-1 ഡിസംബർ 2019-ൽ പൊരിങ്ങൽകുത്ത്, ഷോളയാർ മെയിൻ, ഷോളയാർ ഫ്ലാങ്കിംഗ്, ഷോളയാർ സാഡിൽ, ഇടമലയാർ എന്നീ ഡാമുകളിൽ പരിശോധന നടത്തുകയുണ്ടായി. ഡാം സേഫ്റ്റി റിവ്യൂ പാനൽ ടീം-2 ജൂലൈ 2020-ൽ ഇടുക്കി, ചെറുതോണി, കുളമാവ്, കുളമാവ് സാഡിൽ എന്നീ ഡാമുകളിൽ പരിശോധന നടത്തി. ഒക്ടോബർ 2020-ൽ, ടീം-2 കക്കി, ആനത്തോട്, പമ്പ എന്നീ ഡാമുകളുടെ പരിശോധന നടത്തി. ടീം-2, സെപ്റ്റംബർ 2020-ൽ കുറ്റ്യാടി ഓഗ്മെന്റേഷൻ മെയിൻ ഡാം, കുറ്റ്യാഡി സ്പിൽവേ, കക്കയം എന്നീ ഡാമുകളിൽ പരിശോധന നിർവഹിച്ചു. നവംബർ 2020-ൽ ടീം-2 കണ്ടള, മാട്ടുപ്പെട്ടി എന്നീ ഡാമുകളിൽ

പരിശോധന നടത്തി. ഡിസംബർ 2020-ൽ ടീം-2 പൊൻമുടി, ആനയിറങ്കൽ, കല്ലാർകുട്ടി, ലോവർ പെരിയാർ എന്നീ ഡാമുകളിൽ പരിശോധന നടത്തി.

ഡാം സേഫ്റ്റി റിവ്യൂ പാനൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ സുരക്ഷയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവൃത്തികൾ നിർദ്ദേശിക്കുകയും സംസ്ഥാന വൈദ്യുതി ബോർഡ് അവ നടപ്പിലാക്കിവരികയുമാണ്. ഡാമുകളുടെ ഘടനാപരമായ ശക്തി വിശകലനം ചെയ്ത് അവയുടെ ബലപ്പെടുത്തലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ഹൈഡ്രോമെക്കാനിക്കൽ ഉപകരണങ്ങളുടെ (ഗേറ്റ്, വാൽവ് മുതലായവ) അറ്റകുറ്റപ്പണികൾ, ഡാമുകളുടെ upstream & Down stream faces-കളുടെ പരിരക്ഷയ്ക്കുവേണ്ട പ്രവൃത്തികൾ, ഡാമുകളുടെ Abutment സംരക്ഷണ പ്രവൃത്തികൾ. ഡാമിൽ സീപ്പേജ് നിയന്ത്രണ മാർഗങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ (Reaming, Grouting മുതലായവ), ഡാമുകളിൽ നിരീക്ഷണ ഉപകരണങ്ങൾ സ്ഥാപിക്കൽ, ഡാമുകളുടെയും അനുബന്ധ നിർമ്മിതികളുടെയും സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ, ജിയോ ഫിസിക്കൽ പര്യവേക്ഷണ പ്രവൃത്തികൾ, നിലവിലുള്ള സ്ട്രക്ച്ചറുകളുടെയും

ഹൈഡ്രോ മെക്കാനിക്കൽ ഉപകരണങ്ങളുടെയും ലഭ്യമല്ലാത്ത രൂപരേഖകൾ തയ്യാറാക്കൽ, റിസർവോയറുകളുടെ സംഭരണ ശേഷി സംബന്ധിച്ച പഠനം, ഒരേ ബേസിനിലുള്ള പല ഡാമുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തന സംവിധാന രീതികളുടെ സ്ഥാപനം, ഹൈഡ്രോളജിക്കൽ പഠനവും നടപ്പിലാക്കലും, എമർജൻസി ആക്ഷൻ പ്ലാനുകളുടെ Upgradation, ഡാമുകളിൽ Flood Forecasting & Early Warning System സ്ഥാപിക്കൽ, ഉദ്യോഗസ്ഥർക്കുള്ള വിദഗ്ദ്ധ പരിശീലനം.

മി. സ്പീക്കർ: വളരെ ദീർഘമാണെങ്കിൽ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതെല്ലാം ആളുകൾ അറിയേണ്ടതാണ്.

ഇവിടെ ഒരു ചെറിയ തിരുത്തുണ്ട്. ക്ലോസ് (ബി)-യുടെ ഉത്തരത്തിന്റെ ആദ്യം 'ഇല്ല' എന്ന വാക്കുകൂടി ചേർക്കണം.

(ബി) ഇല്ല. ഡാമുകളുടെ സംഭരണ ശേഷിയുടെ കുറവ് കണ്ടെത്തി ഡിസിൽറ്റേഷൻ ഉൾപ്പെടെയുള്ള പരിഹാര പ്രവൃത്തികൾ ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കാൻ ആദ്യ പടിയായ ബാത്തിമെട്രിക് സർവ്വേ താഴെ പറയുന്ന ഡാമുകളുടെ ജലസംഭരണികളിൽ നടത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കണ്ടള, മാട്ടുപ്പെട്ടി, പൊന്മുടി, ആനയിറങ്കൽ, കല്ലാർകുട്ടി,

ചെങ്കുളം എന്നിവയുടെയും തൃശ്ശൂർ ജില്ലയിലെ പൊരിങ്ങൽക്കുത്ത് റിസർവോയറിന്റെയും ബാത്തിമെട്രിക് സർവ്വേ കഴിഞ്ഞവർഷം നടത്തിയിട്ടുണ്ട്. ഷോളയാർ ജലസംഭരണിയുടെ ബാത്തിമെട്രിക് സർവ്വേ നടത്തുന്നതിനായി പീച്ചി KERI-യെ ഏൽപ്പിച്ചിട്ടുണ്ട്. തുലാവർഷത്തിനുശേഷം ജോലികൾ ആരംഭിക്കും. പ്രധാന ജലസംഭരണികളായ ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ എന്നിവയുടെ ബാത്തിമെട്രിക് സർവ്വേ കേന്ദ്ര ജല കമ്മീഷന്റെ നേതൃത്വത്തിൽ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഡാം സുരക്ഷാ പരിശോധനയ്ക്കായി കാലവർഷം തുടങ്ങുന്നതിനുമുമ്പും ശേഷവും, അതായത് പ്രീ-മൺസൂൺ, പോസ്റ്റ് മൺസൂൺ പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ഡാം സേഫ്റ്റി അതോറിറ്റി ഡാമുകളിൽ പരിശോധന നടത്തി സുരക്ഷയ്ക്ക് പ്രതികൂലമായി നിൽക്കുന്ന ഘടകങ്ങൾ പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും നൽകിവരുന്നു. സുരക്ഷാ പരിശോധനയിൽ നിർദ്ദേശിക്കുന്ന ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷാ നടപടികളുടെ ഭാഗമായി സാറ്റലൈറ്റ് ഫോൺ ശൃംഖല, ജനറേറ്റർ, CCTV,

ഹൈമാസ്റ്റ് ലൈറ്റുകൾ, സൈറൺ, വർഷമാപിനി, എഫ്.സി.റ്റി. ഫോൺ, മൊബൈൽ ഫോൺ, വാഹനങ്ങൾ, ഫസ്റ്റ് എയ്ഡ് കിറ്റ് മുതലായവ ക്രമീകരിച്ചിട്ടുണ്ട്. സുരക്ഷ മെച്ചപ്പെടുത്തുന്നതിന് സെക്യൂരിറ്റി ഓപ്പറേറ്റേഴ്സും (24x7) ഉണ്ട്. എമർജൻസി ആക്ഷൻ പ്ലാനും ഓപ്പറേഷൻ മാനുവലും, ചെറു കൈപുസ്തകവും എല്ലാ ഡാമുകളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുണ്ട്. റൂൾ ലെവലും, അലർട്ട് ലെവലും ഓരോ ഡാമിനും നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ഓറഞ്ച് ബുക്ക് അനുസരിച്ചും അതാത് ജില്ലാ കളക്ടർമാരുടെ അനുമതിയോടുകൂടിയും മാത്രമേ ഡാമുകൾ തുറക്കാറുള്ളൂ. ഡാമുകളുടെ ഗേറ്റുകളും മറ്റും ഗ്രീസ്, കാർഡിയം കോമ്പൗണ്ട്, ഗിയർ ഓയിൽ എന്നിവയിട്ട് പ്രവർത്തനക്ഷമത ഉറപ്പാക്കാറുണ്ട്. അറ്റകുറ്റപ്പണികളും യഥാസമയം നടത്തുന്നു.

(ഡി) ബാണാസുരസാഗർ (വയനാട് ജില്ല), കക്കയം (കോഴിക്കോട് ജില്ല), ആഢ്യൻപാറ (മലപ്പുറം ജില്ല), പള്ളിവാസൽ, മാട്ടുപ്പെട്ടി, കണ്ടള, ഇടുക്കി, ആനയിറങ്കൽ, ചെങ്കുളം, പൊന്മുടി, കല്ലാർകുട്ടി (എല്ലാം ഇടുക്കി ജില്ല), ലോവർ മീൻമുട്ടി (തിരുവനന്തപുരം ജില്ല) എന്നീ അണക്കെട്ടുകളോട് ചേർന്ന് നിലവിൽ ടൂറിസം പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. പ്രസ്തുത

പ്രോജക്ടുകളുടെ വികസനത്തിനായി പദ്ധതികൾ തയ്യാറായി വരുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ നിയന്ത്രണത്തിൽ പൊരിങ്ങൽക്കുത്ത്, ഷോളയാർ, ബാണാസുരസാഗർ, വാഴത്തോപ്പ്, കക്കയം, ചെങ്കുളം തുടങ്ങിയ സ്ഥലങ്ങളിലുള്ള ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ പുതുക്കിപ്പണിത് വിനോദ സഞ്ചാരികളുടെ താമസ സൗകര്യത്തിനായി ഉപയോഗിക്കാനുള്ള ഒരു പദ്ധതി വിഭാവന ചെയ്തുവരുന്നുണ്ട്. ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് ഒരു ലേസർ ഷോ പവിലിയൻ നിർമ്മിക്കാനുള്ള പദ്ധതി, നാടുകാണിയിലെ ലുക്ക് ഔട്ടിന്റെ വിപുലീകരണം, മൂന്നാറിലേയും ബാണാസുര സാഗറിലേയും പാർക്കുകളിൽ മ്യൂസിക്കൽ ഫൗണ്ടൻ, ഫ്രൂട്ട് ഗാർഡൻ, ബട്ടർഫ്ലൈ ഗാർഡൻ തുടങ്ങിയവയുടെ വിപൂലീകരണം എന്നീ പദ്ധതികളും സാധ്യത പഠിച്ച് രൂപീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, മുല്ലപ്പെരിയാർ ഡാമിൽനിന്ന് അധികജലം ഒഴുക്കിയാൽ ഇടുക്കി ഡാമിനുണ്ടാകുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് എന്തെങ്കിലും സ്റ്റഡി നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇപ്പോഴത്തെ ഒഴുക്കുകൊണ്ട് വലിയ പ്രശ്നം വരില്ല എന്നുള്ളതാണ് മനസ്സിലാക്കുന്നത്. ഈ വിഷയം കൈകാര്യം

ചെയ്യുന്നത് ജലവിഭവ വകുപ്പുമന്ത്രിയാണ്. എങ്കിലും അറിഞ്ഞ കാര്യം ഞാൻ പറയാം. ഇപ്പോൾ 9000 cu/secs വെള്ളമാണ് inflow ആയി മുല്ലപ്പെരിയാർ ഡാമിൽ വരുന്നത്. പക്ഷേ ഏകദേശം 2500 cu/secs വെള്ളം തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. ബാക്കിയുള്ള വെള്ളം സ്പിൽവേ വഴി മുല്ലപ്പെരിയാറിലേയ്ക്ക് ഒഴുകി വന്നാലും വലിയ പ്രശ്നമുണ്ടാകില്ല എന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഡാമുകളുടെ ഷട്ടറുകൾ തുറക്കുന്ന സമയത്തും മഴ കൂടുതൽ കനക്കുന്ന അവസരങ്ങളിലുമെല്ലാം അനാവശ്യമായി ആളുകളെ ആശങ്കപ്പെടുത്തുന്ന തരത്തിലുള്ള പ്രചരണങ്ങൾ സോഷ്യൽ മീഡിയയിൽ ഉൾപ്പെടെ വ്യാപകമായി കണ്ടുവരുന്നുണ്ട്. നാളെ മുല്ലപ്പെരിയാർ ഡാം തുറക്കും എന്ന നിലയിലുള്ള വാർത്തകൾ ഉൾപ്പെടെ ജനങ്ങളെ ആശങ്കപ്പെടുത്തുന്ന തരത്തിൽ പ്രചരണങ്ങൾ നടത്തുന്ന ആളുകൾക്കെതിരെ സർക്കാർ കർശന നിയമനടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അത് ആലോചിക്കാവുന്നതാണ്. വസ്തുതകൾ ജനങ്ങളിലെത്തിച്ചാൽ വലിയ പ്രശ്നം വരില്ല എന്നാണ് തോന്നുന്നത്. ഇടുക്കി ഡാം തുറക്കുമ്പോൾ ആലുവയിലും കാലടിയിലും

ജലനിരപ്പ് എത്ര ഉയരുമെന്നും അതിനനുസരിച്ചുള്ള ക്രമീകരണങ്ങൾ നടത്തുമെന്നും പറയുമ്പോൾ ആളുകൾക്ക് അത് മനസ്സിലാകുന്നുണ്ട്. അങ്ങനെ കൺട്രോൾ ചെയ്യാൻ സാധിക്കും. ഇതിന് പ്രചരണം കൊടുത്താൽ എതിർ പ്രചരണം അവസാനിപ്പിക്കാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, അന്തരീക്ഷ താപനില കഴിഞ്ഞ കുറേ വർഷങ്ങൾക്കിടയിൽ 1.5$^0$C ഉയർന്നതിന്റെ ഭാഗമായി കടലുകളിൽ കൂടുതൽ മേഘങ്ങളുണ്ടാകുന്നുവെന്നും മേഘങ്ങളുടെ കട്ടി മൂന്നിരട്ടിയോളമായി വർദ്ധിക്കാൻ അത് ഇടയാക്കുന്നുവെന്നും അതാണ് മുമ്പില്ലാത്ത വിധത്തിൽ അധിവർഷത്തിന് കാരണമെന്നും സയന്റിസ്റ്റുകൾ പറയുന്നു. മേഘവിസ്ഫോടനം എന്ന നിലയിലാണിത് അറിയപ്പെടുന്നത്. അത് ആഗോള പ്രതിഭാസമാണ്, കേരളത്തിന്റെയോ എൽ.ഡി.എഫ്.-ന്റെയോ മാത്രം പ്രതിഭാസമല്ല. ചില സമയങ്ങളിൽ കാലാവസ്ഥാ നിരീക്ഷകർക്കുപോലും പ്രവചിക്കാൻ കഴിയാത്ത രീതിയിലാണ് നദികളുടെ ഉത്ഭവ സ്ഥാനത്തും പ്രത്യേകിച്ച് ഡാം സൈറ്റുകളിലും ഇത്തരത്തിലുള്ള മേഘവിസ്ഫോടനം ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെ പല പുഴകളും നദികളും കരകവിഞ്ഞൊഴുകുന്ന തരത്തിലുള്ള അപകടങ്ങളും ഉണ്ടാകാറുണ്ട്.

അത്തരത്തിൽ നദികളിലെയും പുഴകളിലെയും ജലം നിയന്ത്രിക്കുന്നതിന് പുതിയ പദ്ധതികൾ വല്ലതും ഉദ്ദേശിക്കുന്നുണ്ടോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾത്തന്നെ റൂൾ കർവ് ഓരോ ഡാമിലും നിശ്ചയിച്ചിട്ടുണ്ട്. ഇടുക്കി ഡാമിൽ റൂൾ കർവിന് പറഞ്ഞതിൽനിന്നും ഒന്നരയടി താഴ്ത്തിയാണ് ജലനിരപ്പ് നിർത്തിയത്. ഇങ്ങനെയൊരു താഴ്ത്തിയ റൂൾ കർവുമൂലം ഇലക്ട്രിസിറ്റി ബോർഡിന് നഷ്ടമുണ്ടായാൽപ്പോലും ജനങ്ങളുടെ ജീവനാണ് വലുത് എന്നുള്ള നിലയിൽ ആ റൂൾ കർവിന് പറഞ്ഞതിൽനിന്നും കുറച്ചുകൂടി താഴ്ത്തിയാണ് ഇപ്പോൾ ജലനിരപ്പ് നിർത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ ഭയപ്പെടാനില്ല എന്നാണ് അഭിപ്രായപ്പെടാനുള്ളത്.

ശ്രീ. എ. രാജ: സർ, ഡാമുകൾ തുറന്നുവിടുമ്പോൾ പുഴയിലെ ജലനിരപ്പ് ഉയരുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഓരോ പുഴയിലും ഗേജിംഗ് സ്റ്റേഷൻ വച്ചിട്ടുണ്ട്. അതിൽ എത്ര ക്യൂബിക് അടി വെള്ളം തുറന്നുവിട്ടാൽ പുഴയിൽ എത്ര ജലനിരപ്പ് ഉയരും എന്നുള്ള കണക്കുണ്ട്. 2018-ലെ പ്രളയത്തിന്റെ

അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രാവശ്യം ഒരു ക്രമീകരണം നടത്തിയിട്ടുണ്ട്. അതുകൊണ്ട് അത് നിയന്ത്രിച്ച് പോകാൻ സാധിക്കുന്നതാണ്.

ശ്രീ.കെ. കെ. രാമചന്ദ്രൻ:സർ, ഇപ്പോഴുണ്ടായ കനത്ത മഴയെത്തുടർന്ന് വെള്ളം തുറന്നുവിട്ടതിന്റെ പേരിൽ കെ.എസ്.ഇ.ബി.എൽ.-ന് എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഏകദേശം 45 കോടി രൂപയുടെ നഷ്ടം വന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പക്ഷെ ആ തുകയേക്കാളും വലുത് ജീവന്റെ രക്ഷയാണ് എന്നുള്ള നിലയ്ക്കാണ് ആ നഷ്ടം സഹിച്ചുകൊണ്ട് ഡാം തുറക്കാനുള്ള തീരുമാനമെടുത്തത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി പുഴയുടെ തീരത്തുള്ള ജനങ്ങൾ വലിയ ആശങ്കയിലാണ്. 2018-ലെ പ്രളയത്തിൽ സമാനതകളില്ലാത്ത നഷ്ടമാണ് ചാലക്കുടി പ്രദേശത്തുണ്ടായത്. ഷോളയാർ ഡാം സെപ്റ്റംബർ മാസത്തിൽ നിറഞ്ഞുനിൽക്കുന്ന സാഹചര്യം, വലിയ മഴ വരുമ്പോഴുണ്ടാകുന്ന ഭീതി, അതോടൊപ്പംതന്നെ പറമ്പിക്കുളം ഡാം മുന്നറിയിപ്പില്ലാതെ തുറന്നുവിടുന്ന സാഹചര്യം എന്നിവ കാരണം വലിയ

പ്രതിസന്ധിയിലൂടെയാണ് ചാലക്കുടിയിലെ ജനങ്ങൾ കടന്നുപോകുന്നത്. 2018-ൽ ബലക്ഷയം സംഭവിച്ച പൊരിങ്ങൽകുത്ത് ഡാമിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾ മൂന്ന് വർഷം കഴിഞ്ഞിട്ടും നടത്തിയിട്ടില്ല. സമയബന്ധിതമായി ഈ ആശങ്ക ദൂരീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും പൊരിങ്ങൽക്കുത്ത് ഡാമിന്റെ വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞിട്ടുണ്ട്, പെട്ടെന്നുതന്നെ അത് ആരംഭിക്കുന്നതാണ്. അതുപോലെ പറമ്പിക്കുളത്തുനിന്നുള്ള വെള്ളം അന്തർസംസ്ഥാനവുമായി ബന്ധപ്പെട്ടതാണ്. ഞാൻ മനസ്സിലാക്കിയത് പറയാം, വിശദീകരണം വേണമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയും. പറമ്പിക്കുളത്തുനിന്നും 1300 cu/secs വെള്ളമാണ് ഇപ്പോൾ ചാലക്കുടിപ്പുഴയിലേയ്ക്ക് തുറന്നുവിട്ടിരിക്കുന്നത്. അതുകൊണ്ട് നമുക്ക് യാതൊരു പ്രശ്നവുമില്ല. അത് 5000 cu/secs ന് മുകളിൽ വന്നാൽമാത്രമേ പ്രശ്നമാകുകയുള്ളൂ. അതുകൊണ്ട് അവിടെനിന്നും വെള്ളം കൊണ്ടുപോകണമെന്ന് മുഖ്യമന്ത്രിതന്നെ നേരിട്ട് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് അവർ കൊണ്ടുപോകുന്നുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, നമ്മുടെ ജലവൈദ്യുത ഡാമുകളിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അവിടെ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും പാറക്കഷ്ണങ്ങളുമാണ്. നമുക്കറിയാം ഇപ്പോൾതന്നെ കേന്ദ്ര ഗവൺമെന്റിന്റെ താപനിലയങ്ങളിൽനിന്നും വൈദ്യുതി കിട്ടാത്ത ഒരു പ്രതിസന്ധിയുണ്ട്. അടുത്ത വേനൽകാലത്ത് കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി ഡാമുകളിലെ എക്കൽ മണ്ണും ചെളിയും മാറ്റുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഒരു പഠനം നടത്തി എത്ര എക്കൽ മണ്ണും ചെളിയുമാണ് അടിഞ്ഞുകൂടിയിരിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇനി ആ മണ്ണ് നീക്കം ചെയ്യുന്നതിനുവേണ്ടി എന്ത് നടപടികൾ സ്വീകരിക്കണം എന്ന് ഗവൺമെന്റ് ആലോചിക്കുകയാണ്. പരിസ്ഥിതിക്ക് കോട്ടം വരുന്നു എന്നുപറഞ്ഞ് പല പ്രശ്നങ്ങളുമുണ്ട്. അത് ആലോചിച്ച് സത്വര നടപടികൾ സ്വീകരിക്കും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സാങ്കേതിക പഠനം അനുസരിച്ച് സംസ്ഥാനത്ത് കാറ്റിൽനിന്നുള്ള വൈദ്യുതി ഉൽപ്പാദന സാധ്യത കണക്കിലെടുത്തിട്ടുണ്ടോ? അതുപോലെതന്നെ അത് പരമാവധി

പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി മുൻപ് സർക്കാർ 82 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനത്തിനായി NHPC ആ(National Hydroelectric Power Corporation)-മായി ഒരു ധാരണാപത്രത്തിൽ ഒപ്പിട്ടിരുന്നു എന്നാണ് മനസ്സിലാക്കുന്നത്. അതേക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ വിഷയവുമായി ബന്ധപ്പെട്ടതല്ല എങ്കിലും ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം മുന്നോട്ടുപോകുന്നുണ്ട്. ഇടുക്കിയിലും പാലക്കാട് അട്ടപ്പാടിയിലുമാണ് നമുക്ക് കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സാധ്യതയുള്ളത്. അതിനുവേണ്ടിയുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കൽക്കരി ലഭ്യത കുറവുമൂലം കേന്ദ്ര ബോർഡിൽനിന്നും വൈദ്യുതി ലഭിക്കുന്ന കാര്യത്തിൽ തടസ്സം നേരിടുന്നു എന്നുള്ള വാർത്തകളുണ്ടായിരുന്നു. നമുക്ക് സ്വന്തമായുള്ള ജലവൈദ്യുത പദ്ധതികൾക്ക് സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം നിറവേറ്റാൻ സാധിക്കുമോ ഇല്ലെങ്കിൽ അതിന്റെ പോരായ്മ നികത്താനുള്ള പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 21 പദ്ധതികൾ അതിനെക്കുറിച്ച്

ആലോചിച്ചിട്ടുണ്ട്. പീക്ക് അവറിൽ ഷോർട്ടേജ് വരുന്നത് 300 മെഗാവാട്ട് ആണ്. 190 മെഗാവാട്ട് ലഭ്യമാക്കുന്ന പദ്ധതികളുണ്ട്. നമ്മൾ കൺട്രോൾ ചെയ്യതുകൊണ്ട് ഇപ്പോഴത്തെ പീക്ക് അവറിൽ ഏകദേശം make up ചെയ്തിട്ടുണ്ട്. വളരെ കുറച്ച് ഇലക്ട്രിസിറ്റി മാത്രമാണ് നമുക്ക് പുറത്തുനിന്നും വാങ്ങേണ്ടതായി വന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ മലയോര ഗ്രാമങ്ങളിൽ സെക്ഷൻ ഓഫീസുകളുമായി ബന്ധപ്പെടാൻ ഏകദേശം 30-35 കിലോമീറ്റർ സഞ്ചരിക്കേണ്ടിവരും. അതുകൊണ്ട് സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. അന്ന് ചില സാങ്കേതിക തടസ്സങ്ങൾ പറഞ്ഞിരുന്നുവെങ്കിലും അവിടത്തെ പ്രത്യേകത കണക്കിലെടുത്ത് നിലവിലുള്ള പ്രൊപ്പോസൽ അംഗീകരിച്ച് സെക്ഷൻ ഓഫീസ് അനുവദിച്ചുകൂടേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ലെങ്കിലും അത് അനുവദിക്കുന്നതിനെക്കുറിച്ച് പരിശോധിക്കാം. സ്മാർട്ട് മീറ്റർ വരുന്നതോടുകൂടി സെക്ഷൻ ഓഫീസിന്റെ പ്രസക്തി ഇല്ലാതാകും.

ഫോണിലൂടെതന്നെ പണമടക്കാനും ഇലക്ട്രിസിറ്റി എങ്ങനെ പീക്ക് അവറിൽ കുറച്ചുകൊണ്ടുവരാൻ പറ്റും എന്നതൊക്കെ നമുക്ക് അറിയാൻ സാധിക്കും. അതുകൊണ്ട് സെക്ഷൻ ഓഫീസിന്റെ വലിയ ആവശ്യം വരില്ല. ചെലവ് ചുരുക്കലിന്റെ ഭാഗമായി അധികം ചെലവ് ഇല്ലാതിരിക്കുന്നതാണ് നല്ലത് എന്നതാണ് അഭിപ്രായം. എന്തായാലും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ സെക്ഷൻ ഓഫീസ് നൽകുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഇലക്ട്രിസിറ്റി ബോർഡിന് ലാഭമുണ്ടാക്കാൻവേണ്ടിയാണ് 2018-ൽ വെള്ളം തുറന്നുവിട്ടതുമായി ബന്ധപ്പെട്ട വലിയ ദുരന്തം നമുക്കുണ്ടായത്. പക്ഷെ ഇത്തവണ മുൻകരുതൽ എന്നുള്ള നിലയിൽ ഡാമുകൾ നേരത്തെ തുറന്ന സാഹചര്യമുണ്ടായത് സ്വാഗതാർഹമായ കാര്യമാണ്. പെരിയാറിലൂടെ വെള്ളം തുറന്നുവിട്ട് വെള്ളം കടൽ വലിച്ചുകൊണ്ടുപോയതുപോലും നമ്മൾ അറിഞ്ഞില്ല. ഈയൊരു സമീപനം 2018-ൽ എടുക്കാത്തതുകൊണ്ടാണ് ആ ദുരന്തം സംഭവിച്ചത്. അങ്ങനെയുള്ള മുൻകരുതലുകൾ.., ഇവിടെ സൂചിപ്പിച്ചതുപോലെ പെരിയാറിലാണെങ്കിലും മറ്റുള്ള നദികളിലുമൊക്കെ എക്കലും ചെളിയും മണ്ണും ഒക്കെയുണ്ട്...

മി. സ്പീക്കർ: യെസ് യെസ്. ചോദ്യം ചോദിക്കൂ.

ശ്രീ. അൻവർ സാദത്ത്: സർ, ഇറിഗേഷൻ വകുപ്പ് പഠനം നടത്തുന്നതല്ലാതെ നടപടിയിലേയ്ക്ക് വരുന്നില്ല. അതിനുള്ള പഠനം നടക്കുന്നുണ്ടോ; അത് എന്ന് പൂർത്തീകരിക്കും? പുഴയുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടംതട്ടാത്ത വിധത്തിൽ എക്കലും ചെളിയും മണ്ണും മാറ്റാൻ എന്ത് ചെയ്യാൻ സാധിക്കും. അതുപോലെതന്നെ മുല്ലപ്പെരിയാറിന്റെ...

മി. സ്പീക്കർ: ഒരു ചോദ്യം ചോദിക്കൂ.

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ വളരെ പോസിറ്റീവായി നമുക്ക് കത്തെഴുതിയിട്ടുണ്ട്. അതുമൂലം നമുക്ക് മുല്ലപ്പെരിയാറിൽ പുതിയൊരു ഡാം നിർമ്മിക്കാനുള്ള സാഹചര്യം ഉണ്ടാകുമോ എന്നതാണ് ഈ അവസരത്തിൽ എനിക്ക് ചോദിക്കാനുള്ളത്.

മി. സ്പീക്കർ: ഒരു ഉപചോദ്യത്തിന് അവസരം തന്നാൽ രണ്ടെണ്ണം ചോദിക്കുന്നത് ശരിയല്ല.

ശ്രീ. അൻവർ സാദത്ത്: സർ, വളരെ സീരിയസ്സായതുകൊണ്ടാണ്.

മി. സ്പീക്കർ: എന്നാൽ സീരിയസ്സായ ചോദ്യം മാത്രം ചോദിക്കുക.

സീരിയസ്സല്ലാത്ത ചോദ്യം എന്തിനാണ് ചോദിക്കുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ആദ്യത്തെ ഉത്തരത്തിൽതന്നെ പറഞ്ഞതാണ്. ഇലക്ട്രിസിറ്റി ബോർഡിനുകീഴിലുള്ള ഓരോ ഡാമിലും എക്കലും ചെളിയും അടിഞ്ഞുകിടക്കുന്നതുസംബന്ധിച്ച പഠനം നടത്തി റിപ്പോർട്ടുണ്ട്. അതിൽ ഏത് രീതിയിലുള്ള ഓപ്പറേഷൻ നടത്തണമെന്നത് മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്, ഇലക്ട്രിസിറ്റി ബോർഡ് മാത്രം തീരുമാനിക്കേണ്ടതല്ല. പരിസ്ഥിതി അടക്കമുള്ള എല്ലാ പ്രശ്നങ്ങളും പരിശോധിച്ചേ ഇത് ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീമതി യു. പ്രതിഭ: സർ, മുൻകാലത്തേക്കാൾ കൂടുതൽ മഴ ഇപ്പോൾ കേരളത്തിൽ ലഭിക്കുന്നുണ്ട്. വൃഷ്ടിപ്രദേശങ്ങളിൽ മഴ പെയ്യുന്നത് മനസ്സിലാക്കുന്നതിനും അതിനുവേണ്ടിയുള്ള മുൻകരുതലുകൾ എടുക്കുന്നതിനും എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വൃഷ്ടിപ്രദേശത്തെ എല്ലാ സ്ഥലങ്ങളിലും മഴമാപിനികൾ വച്ചിട്ടുണ്ട്. ഇനി കുറേ സ്ഥലത്ത് വയ്ക്കാനുണ്ട്. അതുംകൂടി വയ്ക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒഴുക്ക് എത്രയുണ്ട് എന്ന് രണ്ടോ മൂന്നോ മണിക്കൂറിന് മുൻപുതന്നെ നമുക്ക് മനസ്സിലാക്കി അതിനനുസരിച്ചുള്ള

നിയന്ത്രണം കൊണ്ടുവരാൻ സാധിക്കും.

ശ്രീ. ടി. സിദ്ദീഖ്: സർ, ബാണാസുര സാഗർ അണക്കെട്ട് കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ളതാണ്. അവിടെ മീൻ പിടിക്കാനുള്ള അനുവാദം ആദിവാസി സമൂഹത്തിനാണ് നൽകിയിട്ടുള്ളത്. നൂറുകണക്കിന് കുടുംബങ്ങൾ ഉപജീവനമാർഗ്ഗം തേടുന്ന ഒരു മേഖലയാണ്. മത്സ്യസമ്പത്ത് വളരെ അധികം കുറയുന്നുവെന്നുള്ള ഗൗരവകരമായ പ്രയാസം ആദിവാസി സമൂഹം ഉയർത്തുന്നുണ്ട്. പഴയതുപോലെ മീൻ പിടിക്കാൻ പറ്റുന്നില്ല എന്നുള്ളതാണ്. മത്സ്യത്തിന്റെ പ്രജനനശേഷി വർദ്ധിപ്പിക്കാനും അവർക്ക് കൂടുതൽ വരുമാനം ലഭിക്കുവl നുമുള്ള മാർഗ്ഗം കെ.എസ്.ഇ.ബി.-യ്ക്ക് സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മീൻ പിടിക്കാനുള്ള സൗകര്യം ഉണ്ടാകും. എന്ത് പ്രശ്നം ഉണ്ടെങ്കിലും ചർച്ച ചെയ്ത് പരിഹരിക്കും.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, മഴ ശക്തിപ്പെടുന്നതിന് തുടർന്ന് വൈദ്യുതി വകുപ്പിന് കീഴിലുള്ള ഡാമുകൾ നിറഞ്ഞ് കവിയുകയാണ്. ഈ സാഹചര്യം ഉപയോഗിച്ചുകൊണ്ട് വൈദ്യുതി ഉല്പാദന വർദ്ധനവിന്

പ്രത്യേകമായ സാഹചര്യം ഒരുക്കിയിട്ടുണ്ടോ; ഈ രംഗത്ത് വൈദ്യുതി സംഭരണശക്തി വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ചാലക്കുടി പുഴയിൽ നിന്നുതന്നെ ധാരാളം വെള്ളം ഒഴുകിപ്പോകുന്നു. സംഭരണശേഷി വർദ്ധിപ്പിക്കാൻ ഫ്ലഡ് കൺട്രോളും വരൾച്ചയും കുടിവെള്ളവും എല്ലാം കൂടി ചേർത്താണ് പെരിയാർകുറ്റി കാരപ്പാറ ഡാം കൊണ്ടുവന്നത്. ചാലിയാറിലും പുഴ ഒഴുകി വരുന്ന സ്ഥലത്ത് സംഭരണശേഷി വർദ്ധിപ്പിക്കാനും ഫ്ലഡ് കൺട്രോളിനും വേണ്ടി അഞ്ച് ഡാമുകളുടെ പ്രൊപ്പോസൽ ഉണ്ട്. അത് ഇറിഗേഷനും ഉപയോഗിക്കാവുന്ന രീതിയിലാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ഇപ്പോൾ ഒഴുകിവരുന്ന വെള്ളത്തിന് ചെക്ക് ഡാമുകൾ നിർമ്മിച്ച് മൈക്രോ ഹൈഡ്രൽ പ്രോജക്ടുകൾ കൊണ്ടുവന്ന് കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇന്ത്യയ്ക്ക് തന്നെ മാതൃകയായിട്ടാണ് പാലക്കാട് ജില്ലാപഞ്ചായത്ത് മീൻവല്ലം മിനി ജലവൈദ്യുത പദ്ധതി നടപ്പിലാക്കിയത്. ഇപ്പോൾ പാലക്കുഴി പദ്ധതി എന്റെ മണ്ഡലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് അതിന് സമാനമായ രൂപത്തിൽ നിരവധി മാസക്കാലം തുടർച്ചയായി നീരൊഴുക്കുള്ള നിരവധി

വെള്ളച്ചാട്ടങ്ങൾ നമ്മുടെ മലനിരകളിലുണ്ട്. നെന്മാറ മണ്ഡലത്തിലെ സീതാർഗുണ്ട് വെള്ളച്ചാട്ടം പോലെ അത്തരം വെള്ളച്ചാട്ടങ്ങൾ, ആയക്കെട്ടുകൾ, ശക്തമായ ഒഴുക്കുള്ള നിരവധി ചെക്കുഡാമുകൾ മുതലായ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തി സൂക്ഷ്മചെറുകിട ജലവൈദ്യുത പദ്ധതികൾ ആവിഷ്ക്കരിക്കാൻ പദ്ധതിയുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, എനർജി മാനേജ്മെന്റിന് ഏൽപ്പിച്ചിച്ച് പ്രത്യേക ടെൻഡർ വിളിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അങ്ങനെയാണെങ്കിൽ നമുക്ക് ധാരാളം സാധ്യതയുണ്ട്. ഒഴുക്കുവെള്ളത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പാനുള്ള മിനി ഹൈഡ്രൽ പ്രോജക്ടുകൾ. അത് പ്രത്യേകിച്ചും ജനറേറ്റുചെയ്തു വരുന്ന, ഇടുക്കിയെപ്പോലെ ഏതുസമയത്തും വെള്ളം ലഭിക്കുന്ന സ്ഥലങ്ങളിൽ ധാരാളം സാധ്യതകളുണ്ട്. അതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ എനർജി മാനേജ്മെന്റിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽതന്നെ അവർ റിപ്പോർട്ട് ലഭ്യമാക്കും.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, മലങ്കര ഡാമിന് റൂൾകർവ് ഇല്ലാത്തതുകൊണ്ട് അനിയന്ത്രിതമായി കെ.എസ്.ഇ.ബി.-യുടെ മൂലമറ്റം പ്രോജക്ടിൽനിന്നും  വെള്ളം തുറന്നുവിടേണ്ട സാഹചര്യം ഉണ്ടാകുന്നുവെന്ന്

കെ.എസ്.ഇ.ബി.-ക്ക് എതിരെ നിരന്തരം ആക്ഷേപം ഉയരുന്ന കാര്യം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; ഇതിനൊരു റൂൾകർവ് അല്ലെങ്കിൽ കോർഡിനേഷൻ ഉണ്ടാക്കാനുള്ള സംവിധാനം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്രാവശ്യം അങ്ങനെ ഉണ്ടായിട്ടില്ല. ഈ പ്രാവശ്യം വളരെ നിയന്ത്രിച്ചിട്ടാണ് വെള്ളം കൊണ്ടുപോകുന്നത്. റൂൾകർവിൽ ഇത്ര ടി.എം.സി. വെള്ളം നിലനിർത്താനേ സെൻട്രൽ വാട്ടർ കമ്മീഷൻ പറഞ്ഞിട്ടുള്ളൂ. അത് ആലോചിക്കാവുന്നതാണ്.

വ്യവസായ സംരംഭങ്ങൾക്ക് പാട്ടഭൂമി

(*332) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് പാട്ടഭൂമി അനുവദിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾക്ക് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

ഇതുമായി ബന്ധപ്പെട്ട കരട് നിർദ്ദേശം എന്താണെന്ന് അറിയിക്കാമോ;

(സി) കരട് വ്യവസ്ഥ പ്രകാരമുള്ള നിർദ്ദേശങ്ങൾ വ്യവസായ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) സംസ്ഥാനത്ത് നിലവിൽ പാട്ട വ്യവസ്ഥയിൽ വ്യവസായ ഭൂമി അനുവദിച്ചു വരുന്നത് വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, സിഡ്കോ മുതലായവയാണ്. ടി സ്ഥാപനങ്ങൾ 30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. എന്നാൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ ഭൂമി ഹയർ പർച്ചേസ് വ്യവസ്ഥയിലാണ് അനുവദിച്ചു വരുന്നത്.

(ബി) ഒരു ഏകീകൃത ലാൻഡ് അലോട്ട്മെന്റ് നയം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വികസനം പ്രോത്സഹിപ്പിക്കുന്നതിനും സംരംഭകരുടെ ഈ മേഖലയിലെ വിവിധ ആവശ്യങ്ങൾ പരിഗണിച്ചുമാണ് കരട് നയം ആവിഷ്കരിച്ചിട്ടുള്ളത്.

ശ്രീ. മാണി സി. കാപ്പൻ: സർ, വ്യവസായങ്ങൾക്ക് ഭൂമി അനുവദിക്കാനുള്ള പാട്ട വ്യവസ്ഥ ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അത് നേരത്തെ സൂചിപ്പിച്ചിരുന്നു. വ്യത്യസ്ത സ്വഭാവത്തിലാണ് നിലവിൽ പാട്ട വ്യവസ്ഥയുള്ളത്. സർക്കാരിന്റെ കീഴിലുള്ളത് വ്യവസായ വകുപ്പ് നേരിട്ട് നൽകുന്ന ഹയർപർച്ചേസാണ്. 2013 മുതൽ 2020 വരെ അത് ലീസിലേയ്ക്ക് മാറിയിരുന്നു. അങ്ങനെ 139 സംരംഭകർക്ക് ലീസ് വ്യവസ്ഥയിലാണ് നൽകിയിട്ടുള്ളത്. അത് പ്രായോഗികമല്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിലാണ് വീണ്ടും ഹയർ പർച്ചേസിലേയ്ക്ക് മാറിയിട്ടുള്ളത്. ഇപ്പോൾ വ്യത്യസ്ത രീതിയിലാണ് നിലനിൽക്കുന്നത്. അത് ഏകീകരിക്കാനാണ് ശ്രമിക്കുന്നത്. ഏകീകരിക്കുമ്പോൾ ചില പ്രായോഗിക പ്രശ്നങ്ങൾ കൂടി കാണുന്നുണ്ട്. ചിലത് പാട്ടം മാത്രം കൊടുക്കാൻ കഴിയുന്ന റവന്യൂവുമായി ബന്ധപ്പെട്ട ഭൂമിയാണ്. ബാക്കിയെല്ലാം നേരിട്ട് നൽകാൻ കഴിയുന്നതാണ്. സംരംഭകരുമായി

ആശയവിനിമയം നടത്തിയിട്ടാണ് ഈ അലോട്ട്മെന്റ് പോളിസിക്ക് രൂപം നൽകുന്നത്. അത് പരമാവധി ലളിതവത്ക്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്. നിലവിലുള്ള ആളുകളുടെ ഓണർഷിപ്പ് അൻപത്തിയൊന്ന് ശതമാനം നിലനിർത്തി ബാക്കിയുള്ളവ കൊടുക്കുന്നത് ലളിതമാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ പിൻതുടർച്ചാവകാശികൾക്ക് കൈമാറുന്നതിനുള്ള വ്യവസ്ഥകളെല്ലാം പൂർണ്ണമായും സൗജന്യവും ലളിതവുമാക്കുന്ന കാര്യങ്ങൾ കരട് നയത്തിൽ ആലോചിക്കുന്നുണ്ട്.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് ഭൂമി നൽകുന്നത് ഏതെല്ലാം ഏജൻസികൾ വഴിയാണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അത് ഉത്തരത്തിൽ തന്നെ പറഞ്ഞിരുന്നു. മൂന്ന് സർക്കാർ ഏജൻസികളും വാണിജ്യവ്യവസായ ഡയറക്ടറേറ്റുമാണ്. അതിൽ സിഡ്കോ, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവർ പാട്ട വ്യവസ്ഥയിലാണ് നൽകുന്നത്. കിൻഫ്ര മുപ്പത് വർഷത്തേയ്ക്ക് നൽകും. മുപ്പത് വർഷം കഴിഞ്ഞാൽ വീണ്ടും അയ്യായിരം രൂപ അടച്ചാൽ മുപ്പത് വർഷത്തേയ്ക്ക് നൽകും. അങ്ങനെ തൊണ്ണൂറ് വർഷം വരെ കിൻഫ്ര നൽകും.

കെ.എസ്.ഐ.ഡി.സി.-യിൽ ആദ്യത്തെ രണ്ട് വർഷം ലൈസൻസ് പീരീഡായിരിക്കും. അത് കഴിഞ്ഞാൽ മുഴുവൻ പണവും നൽകി പ്രവർത്തനം ആരംഭിക്കണം. മുപ്പത് വർഷത്തേയ്ക്കാണ്. മുപ്പത് വർഷം കഴിഞ്ഞാൽ വീണ്ടും മുപ്പത് വർഷത്തേയ്ക്ക് നീട്ടിക്കൊടുക്കാനുള്ള വ്യവസ്ഥ കെ.എസ്.ഐ.ഡി.സി.യ്ക്കുണ്ട്. സിഡ്കോ നേരത്തെ ഹയർ പർച്ചേസിംഗ് സംവിധാനത്തിൽ നൽകുന്നുണ്ട്. കെ.എസ്.ഐ.ഡി.സി. ഇടക്കാലത്ത് ലീസിലേയ്ക്ക് പോയിരുന്നു. ലീസ് എന്നുപറഞ്ഞാൽ ഫെയർ വാല്യൂ പൂർണ്ണമായി അടയ്ക്കണം. എന്നാൽ ഇൻഡസ്ട്രിയൽ ലാൻഡിന് ഫെയർ വാല്യൂ റവന്യൂ വകുപ്പ് നിശ്ചയിച്ചിട്ടില്ല. അതുകൊണ്ട് തൊട്ടടുത്ത സ്ഥലത്തിന്റെ ഫെയർ വാല്യൂവാണ് അന്ന് പരിഗണിച്ചിരുന്നത്. അത് വലിയ വില ആയിരുന്നതുകൊണ്ട് വ്യവസായ സംരംഭകർക്ക് വലിയ ബാധ്യത വരുന്ന സാഹചര്യമുണ്ടായി. അത് പരിഗണിച്ചിട്ടാണ് 2020-ൽ വീണ്ടും ഹയർ പർച്ചേസിലേയ്ക്ക് മാറിയിട്ടുള്ളത്. ഈ നാല് രൂപങ്ങളിലാണ് ഇപ്പോൾ ലാൻഡ് അലോട്ട്മെന്റ് പോളിസി നിലനിൽക്കുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ദീർഘകാല നിക്ഷേപം കൊണ്ടുവരാൻ കഴിയുന്ന വിധത്തിൽ വ്യവസായ സംരംഭങ്ങൾ യഥാർത്ഥ്യമാക്കുന്നതിന്

പാട്ടക്കാലാവധി കൂടുതൽ കാലഘട്ടത്തിലേയ്ക്ക് കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; കരാറുമായി ബന്ധപ്പെട്ട് ഒരു വ്യവസ്ഥയിൽ മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട്, ഇത് ചെയ്യാൻ കഴിയുന്ന ഒരു സഹചര്യം ഉണ്ടാക്കണമെന്ന വ്യവസായികളിൽ നിന്ന് ഉയർന്നുവന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; അതോടൊപ്പംതന്നെ ഇത്തരം വിഷയങ്ങളിലേയ്ക്ക് വരുമ്പോൾ വ്യവസായികൾക്ക് വരുന്ന നിരവധിയായ പരാതികൾ, അത് പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ ഒരു സംവിധാനം നമുക്ക് ഇന്ന് സംസ്ഥാനത്ത് ഇല്ലെന്നത് വലിയ ഒരു ആക്ഷേപമായി നിൽക്കുകയാണ്. നിരവധി ആളുകൾ ഇൻവസ്റ്റ്മെന്റിനുവരുമ്പോഴും ഈ പരാതികൾ പരിഹരിക്കാനുള്ള ഒരു സിസ്റ്റം ഉണ്ടാകേണ്ടത് ഏറ്റവും അനിവാര്യമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പി. രാജീവ്</u>: സർ, നിരവധി ചോദ്യങ്ങൾ വന്നിട്ടുണ്ട്. പൊതുവെ ഒറ്റ ഉത്തരമായി പറയാം. ഗവൺമെന്റ് പൊതുവെ സംരംഭകരെ സ്വാഗതം ചെയ്യുകയും അവർക്ക് സൗഹാർദ്ദപരമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കഴിഞ്ഞ

ഗവൺമെന്റ് വളരെ ക്രിയാത്മകമായ നിയമ നിർമ്മണങ്ങൾ നടത്തി, അതിന്റെ തുടർച്ചയായി ഈ ഗവൺമെന്റും സമീപനം സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കിൻഫ്ര മുപ്പത്, മുപ്പത്, മുപ്പത് അങ്ങനെ തൊണ്ണൂറ് വർഷത്തേക്കാണ് കൊടുക്കുന്നത്. 5,000/- രൂപയാണ് പുതുക്കുന്നതിനുവേണ്ടി മാത്രം ഈടാക്കുന്നത്. കെ.എസ്.ഐ.ഡി.സി. മുപ്പത് പ്ലസ് മുപ്പതാണ്. ബാക്കി ഹയർ പർച്ചേസ് സംവിധാനത്തിലാണ് സിഡ്കോയും ഡി.ഐ.സി.-യും കൊടുത്തുകൊണ്ടിരിക്കുന്നത്. അത് സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. കഴിഞ്ഞ ഓർഡിനൻസ് പ്രകാരമുള്ള statutory grievance redress mechanism അംഗീകരിച്ചിരുന്നു. ഇന്നലത്തെ മന്ത്രിസഭായോഗം അതിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റിയും ജില്ലാതല പരാതി പരിഹാര കമ്മിറ്റിയും രൂപീകരിക്കാൻ തീരുമാനിച്ച കാര്യം ഈ സഭയെ അറിയിക്കുകയാണ്. അതോടുകൂടി എല്ലാ പരാതികൾക്കും പരിഹാരമുണ്ടാക്കാൻ കഴിയും. ഏത് വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും പരിഹാരമുണ്ടാക്കാൻ കഴിയും. എടുക്കുന്ന തീരുമാനം പതിനഞ്ച് ദിവസത്തിനുള്ളിൽ ഇംപ്ലിമെന്റ് ചെയ്യണം. ഇംപ്ലിമെന്റ്

ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് പിഴ ചുമത്താനും ഒപ്പംതന്നെ ഡിപ്പാർട്ട്മെന്റ് ഡിസിപ്ലിനറി ആക്ഷൻ ശിപാർശ ചെയ്യാനുള്ള അധികാരവും ഈ കമ്മിറ്റിക്ക് ഉണ്ട്.

ശ്രീ. പി. ജെ. ജോസഫ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ അനുമതി കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്താണ്; ഗവൺമെന്റ് ഈ സ്വകാര്യ പാർക്കുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകും; അതോടൊപ്പംതന്നെ കോവിഡിന് തുടർന്ന് സ്മോൾ ആൻഡ് മീഡിയം ഇൻഡസ്ട്രീസ് എല്ലാം തകർച്ചയിലാണ്. ഇവർക്ക് അഡീഷണൽ വായ്പ കിട്ടുന്നതിന് എന്തെങ്കിലും സംവിധാനം ഗവൺമെന്റ് മുൻകയ്യെടുത്ത് ബാങ്കുകളുമായി ചർച്ച ചെയ്ത് ഉണ്ടാക്കിയില്ലെങ്കിൽ മഹാഭൂരിപക്ഷം ചെറുകിട സംരംഭങ്ങളും പൂട്ടിത്തന്നെകിടക്കും, ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കഴിഞ്ഞ ഗവൺമെന്റ് സ്വകര്യ വ്യവസായ

പാർക്കുകളെ സംബന്ധിച്ച് തീരുമാനം എടുത്തിരുന്നു. അതനുസരിച്ച് ഗ്രാമങ്ങളിൽ ഇരുപത്തിയഞ്ച് ഏക്കറും നഗരങ്ങളിൽ പതിനഞ്ച് ഏക്കറും സ്ഥലം മിനിമം വേണമെന്നാണ് നിഷ്കർഷിച്ചിരുന്നത്. എന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പാർക്കുകൾ ഒന്നും വരുന്ന സാഹചര്യം ഉണ്ടായില്ല. ഇപ്പോൾ അത് പ്രത്യേകം പരിശോധിക്കുകയുണ്ടായി. നിലവിൽ കേരളത്തിലെ ഭൂമിയുടെ ലഭ്യതക്കുറവ് പരിഗണിച്ചുകൊണ്ട് അളവിനകത്ത് മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണിക്കുന്നുണ്ട്. പുതിയ രൂപത്തിൽ പ്രായോഗികമാക്കാൻ കഴിയുന്ന വ്യവസ്ഥകളോടുകൂടി സ്വകാര്യ പാർക്ക് കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതിയിൽത്തന്നെ രണ്ട് കോടി രൂപയോളം ഇതിന് ആവശ്യമായ പശ്ചാത്തല സൗകര്യ വികസനത്തിന് ഗവൺമെന്റ് നൽകുമെന്നുള്ള വ്യവസ്ഥകൾ ഉണ്ടായിരുന്നു. അതെല്ലാം പരിഗണിച്ചുകൊണ്ട് പുതിയ സംരംഭം കൊണ്ടുവരുന്നതിന് സ്വകാര്യ വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുകയെന്ന സമീപനം തന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ചോദിച്ച രണ്ടാമത്തെ ചോദ്യം പറയേണ്ടതല്ലെങ്കിലും ഇവിടെ നേരത്തെ രണ്ട് പദ്ധതികൾ തന്നെ

പ്രഖ്യാപിച്ചിരുന്നു. ബാങ്കിംഗ് മേഖലയിൽനിന്ന് ചില വ്യത്യസ്ത സമീപനം വരുന്നുണ്ട്. അത് ഞങ്ങൾ ജില്ലകളിൽ പോകുമ്പോൾ ബാങ്കുകളുമായി പ്രത്യേക യോഗം ചേർന്ന് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബി.പി.സി.എൽ. കൊച്ചി റിഫൈനറി PDPP (Propylene Derivatives Petrochemical Project) പ്ലാന്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 132 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ 2013-ൽ നോട്ടിഫിക്കേഷൻ വന്നതാണ്. അതിൽ 13 ഏക്കർ ഭൂമി ഇതുവരെ ഏറ്റെടുത്തിട്ടില്ല. PDPP പ്ലാന്റിന് അവിടെ ആരംഭം കുറിച്ചു. ഇതിൽ സ്വാഭാവികമായും വായു മലിനീകരണമടക്കമുള്ള കാര്യങ്ങളുണ്ടാകും. നോട്ടിഫൈ ചെയ്ത 13 ഏക്കർ ഭൂമി അവരെക്കൊണ്ട് ഏറ്റെടുപ്പിക്കാൻ നടപടികളുണ്ടാകണമെന്നതാണ് എന്റെ ഒരു ആവശ്യം. റിഫൈനറി പ്രവർത്തനങ്ങൾ കാരണം ചുറ്റുമുള്ള പാടങ്ങൾ കൃഷിയോഗ്യമല്ലാതായതിനാൽ അവിടം ഇനി കൃഷിക്ക് ഉപയോഗിക്കാൻ കഴിയില്ല. അതുകൂടി കമ്പനി ഏറ്റെടുക്കുകയാണെങ്കിൽ അവർക്ക് അത് ഇക്കോ ഫ്രണ്ട്ലിലായി ഡെവലപ് ചെയ്ത് കൊണ്ടുപോകാൻ കഴിയും. ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. ഇത് റിഫൈനറിയെക്കൊണ്ട് ചെയ്യിക്കാൻ കഴിയുമോ? ഇതുമായി ബന്ധപ്പെട്ട

ചോദ്യമല്ലെങ്കിലും അങ്ങ് ആ ജില്ലയുടെ ചാർജ്ജുള്ള മന്ത്രിയെന്ന നിലയിൽ ഞാൻ അറിയിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ്, ലിസ്റ്റിൽ ഒന്നാമതുവരുന്ന ആൾക്കുമാത്രമേ രണ്ട് ഉപചോദ്യങ്ങൾക്കുള്ള അവസരമുള്ളൂ. ബാക്കിയെല്ലാവർക്കും ഓരോ ചോദ്യത്തിനാണ് അവസരം നൽകുന്നത്.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് ബി.പി.സി.എൽ. രാജ്യത്തെ LARR (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement) Act പ്രകാരം ഏതെങ്കിലും പ്രോജക്ടുകൾ ഡിക്ലയർ ചെയ്താൽ മാത്രമേ ഭൂമി ഏറ്റെടുക്കാൻ നിലവിൽ കഴിയുകയുള്ളൂ. അതിന്റെ അടിസ്ഥാനത്തിലായിരിക്കും അത് പ്രവർത്തിച്ചുകൊണ്ടുവരുന്നത്. വന്നിട്ടുള്ള പരാതികൾ നിയമസഭാ കമ്മിറ്റിയും പരിശോധന നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതുസംബന്ധിച്ച മറ്റ് കാര്യങ്ങളിലേയ്ക്ക് ഇപ്പോൾ കടക്കുന്നില്ല.

ശ്രീ. വി. ജോയി: സർ, വ്യവസായ വകുപ്പ് പുതിയ സംരംഭങ്ങൾ

തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അതിൽ മീറ്റ് ദി ഇൻവെസ്റ്റർ പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കാമോ; ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ ഏതെങ്കിലും വൻകിട വ്യവസായങ്ങൾ വന്നിട്ടുണ്ടെങ്കിൽ ആ കാര്യങ്ങൾ പറയാമോ?

ശ്രീ. പി. രാജീവ്: സർ, മീറ്റ് ദി ഇൻവെസ്റ്റർ എന്ന പരിപാടി പ്രകാരം നിക്ഷേപത്തിന് തയ്യാറായി വരുന്ന ആളുകൾക്ക് മന്ത്രിയും ഐ.എ.എസ്. ഉദ്യോഗസ്ഥരും ഒന്നിച്ചിരുന്ന് അവരുടെ പ്രോജക്ട് അവതരിപ്പിക്കാനുള്ള അവസരമാണ് നൽകുന്നത്. അതിൽ രണ്ട് പ്രിൻസിപ്പൽ സെക്രട്ടറിമാർ, Kerala State Industrial Development Corporation (KSIDC) എം.ഡി., Kerala Industrial Infrastructure Development Corporation (KINFRA) എം.ഡി., വ്യവസായ വകുപ്പ് ഡയറക്ടർ, മറ്റ് സ്റ്റാഫുകൾ ഉൾപ്പെടെ ഈ പ്രോജക്ടുകൾ കേൾക്കുകയാണ് ചെയ്യുന്നത്. അതിന്റെ അടിസ്ഥാനത്തിൽ എന്താണ് ഗവൺമെന്റിൽനിന്നും അവർ പ്രതീക്ഷിക്കുന്നത് എന്ന കാര്യങ്ങൾകൂടി പരിശോധിച്ച് പ്രോജക്ട് മുന്നോട്ടുകൊണ്ടുപോകാൻ ഒരാളെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. അതായത് Hand hold കൊടുക്കാൻ ഡിപ്പാർട്ട്മെന്റിലെ ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തും.

ഇതിനകം എട്ട് സംരംഭകരുടെ പ്രോജക്ടുകൾക്ക് പ്രാഥമിക ഘട്ടത്തിൽ അംഗീകാരം നൽകി. അങ്ങനെ 3650 കോടി രൂപയുടെ നിക്ഷേപത്തിന്റെ വാഗ്ദാനങ്ങൾ മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായി ലഭിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഏത് വ്യവസായ സംരംഭത്തിന്റെയും റോൾ മോഡലാകേണ്ടത് പൊതുമേഖലാ വ്യവസായങ്ങളാണ്. പൊതുമേഖലാ വ്യവസായത്തിന് എല്ലാ രൂപത്തിലുമുള്ള പിന്തുണ കൊടുത്ത് അവരെ സംരക്ഷിച്ച് മുന്നോട്ടുപോകുകയാണ്. ട്രാവൻകൂർ സിമന്റ്സ് മൊണോപ്പൊളിയായി പ്രോഡക്റ്റുണ്ടാക്കുന്ന സ്ഥാപനമാണ്. ഇപ്പോൾ അതിന്റെ അവസ്ഥ വളരെ ശോചനീയമാണ്. അങ്ങ് ഈ കാര്യത്തിൽ കുറേ ഇനിഷ്യേറ്റീവ് എടുത്തിട്ടുണ്ടെന്ന് എനിക്കറിയാം. അതിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ഒരു നടപടിയെടുത്താൽ സ്വാഭാവികമായും മറ്റ് വ്യവസായ സംരംഭങ്ങൾക്കുകൂടി അത് പ്രോത്സാഹനമാകുമെന്നാണ് എന്റെ വിശ്വാസം. എന്തെല്ലാം നടപടികളാണ് അങ്ങ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത്?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം നേരത്തെയും ഈ

പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആ ജില്ലയിലെ എം.എൽ.എ.-മാരുമായി വ്യവസായ വികസനം ചർച്ച ചെയ്യുന്ന ഘട്ടത്തിലും അദ്ദേഹം ഇത് ഉന്നയിക്കുകയുണ്ടായി. ട്രാവൻകൂർ സിമന്റ്സ് നേരത്തെ വൈറ്റ് സിമന്റാണ് ഉൽപ്പാദിപ്പിച്ചിരുന്നത്. ഇപ്പോൾ അതിൽ ഡിമാന്റിന്റെ പ്രശ്നമുണ്ട്. ഒപ്പംതന്നെ വേമ്പനാട്ടുകായൽ ജൈവവൈവിദ്ധ്യ മേഖലയായി വന്നതോടുകൂടി കക്ക കിട്ടുന്നതിനും പരിമിതിയുണ്ട്. അതിന്റെ ഭാഗമായി ആ സ്ഥാപനം പ്രതിസന്ധിയിലായി. അതിൽനിന്നും കരകയറുന്നതിനാവശ്യമായ സമീപനം കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തെടുത്തിരുന്നു. കാക്കനാടുള്ള ഭൂമി ഏറ്റെടുക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അങ്ങനെ അവർക്ക് സാമ്പത്തികമായി പിന്തുണ നൽകാനുള്ള സമീപനം സ്വീകരിക്കുന്നുണ്ട്. എന്നാൽ നിലവിലുള്ളതുപോലെ മുന്നോട്ടുപോകാൻ കഴിയില്ലെന്നുള്ളത് ഒരു വസ്തുതയാണ്. അതിനൊരു പുനഃസംഘടന ആവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറയുന്നതുപ്രകാരം വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും മാസ്റ്റർ പ്ലാനിന് രൂപം

നൽകിയിട്ടുണ്ട്. അതിൽ ട്രാവൻകൂർ സിമന്റ്സും വിശദമായ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ലാൻഡ് ലഭ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ പരമാവധി വിനിയോഗപ്പെടുത്തിക്കൊണ്ട് നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള പദ്ധതി ആവിഷ്കരിക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് വ്യവസായ വകുപ്പിന്റെ കീഴിലുള്ള അനേകം ഭൂമി നാട്ടിൽ പലരും കൈവശം വച്ചിട്ടുണ്ട്. അതെല്ലാം പലപ്പോഴും നിയമക്കുരുക്കിൽപ്പെട്ട് ഏറ്റെടുക്കാൻ കഴിയാത്ത അവസ്ഥയിൽ കിടക്കുകയാണ്. അത്തരം ഭൂമി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. അത്തരം കേസുകൾ വേഗത്തിൽ നടത്തി ഭൂമി തിരിച്ചെടുക്കുന്നതിനാവശ്യമായ ലീഗൽ സെൽ രൂപീകരിച്ച് ഇതിന് പ്രത്യേകമായ ശ്രദ്ധ നൽകുമോ?

ശ്രീ. പി. രാജീവ്: സർ, ലാൻഡിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് എടുക്കുന്നുണ്ടെന്ന് സഭയിൽ ഞാൻ പറഞ്ഞിരുന്നു. ലാൻഡ് ഒഴിഞ്ഞുകിടക്കുന്നത്, കേസ്സിൽപ്പെട്ടിരിക്കുന്നത് തുടങ്ങിയ നാല് സംവിധാനങ്ങളുടെയും സ്റ്റാറ്റസ് റിപ്പോർട്ട് എടുത്തിട്ടുണ്ട്. അതിൽ ഡി.ഐ.സി.-യുടെ 52.74 ഏക്കർ ഒഴിഞ്ഞ് കിടക്കുന്നു. അതിൽ 50 ഏക്കറും

കാസർഗോഡുള്ള എസ്റ്റേറ്റിന്റേതാണ്. അനന്തപുരം എസ്റ്റേറ്റാണ് ഇപ്പോൾ ഡിമാൻഡില്ലാതെ നിൽക്കുന്നത്. അവിടെ സംരംഭകരെ ആകർഷിക്കാനുള്ള പ്രത്യേകമായ പദ്ധതി നോക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാരും ആ കാര്യത്തിൽ ആവശ്യമായ പിന്തുണ നൽകണം. കിൻഫ്രയുടേത് നല്ല രീതിയിൽ പോയിട്ടുണ്ട്. 243 ഏക്കറാണ് അവർക്ക് ഇനി കൊടുക്കാനുള്ളത്. അതിന്റെ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം SIDCO (Small Industries Development Corporation Limited)-യുടെ ഭൂമി ഒന്നുംതന്നെ ഒഴിവില്ല. KSIDC-യുടെ 53 ഏക്കറാണ് ഡെവലപ്ഡ് പ്ലോട്ടിൽ ഇപ്പോൾ ഒഴിവുള്ളത്. അതിൽ സംരംഭകർ വന്നുകൊണ്ടിരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ലിറ്റിഗേഷൻ വേഗത്തിലാക്കുന്നതിന് ഹൈക്കോടതിയിൽ ഇൻഡസ്ട്രീസിനുവേണ്ടി ഒരു സ്പെഷ്യൽ പ്ലീഡറെ നിശ്ചയിച്ചിട്ടുണ്ട്. അതോടുകൂടി കേസുകളെല്ലാം വേഗത്തിലാക്കാമെന്നാണ് കരുതുന്നത്. കേസുകളുടെ സ്റ്റാറ്റസ് എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഇവിടെ ചോദ്യം പാട്ടഭൂമിയെ സംബന്ധിച്ചുള്ളതാണ്. എനിക്ക് ചോദിക്കാനുള്ളത് വ്യത്യസ്തമായ

കാര്യമാണ്. ഗ്രാമീണ മേഖലയിൽ അല്ലെങ്കിൽ വ്യവസായ ശാലകൾ തീരെയില്ലാത്ത പ്രദേശത്ത് പഞ്ചായത്ത് സൗജന്യമായി മൂന്നോ അഞ്ചോ ഏക്കർ സ്ഥലം നൽകിയാൽ പുതിയ സംരംഭങ്ങൾ തുടങ്ങാൻ വ്യവസായ വകുപ്പ് എന്തൊക്കെ കാര്യങ്ങൾ ചെയ്യും; അവരെ പ്രോത്സാഹിപ്പിക്കുമോ അല്ലെങ്കിൽ സൗജന്യമായി സ്ഥലം നൽകുന്നിടത്ത് പുതിയ കാലഘട്ടത്തിൽ ഐ.ടി. അധിഷ്ഠിതമായ സ്ഥാപനങ്ങൾ തുടങ്ങാനുള്ള സഹായം വ്യവസായ വകുപ്പിൽനിന്ന് ലഭ്യമാകുമോ?

ശ്രീ. പി. രാജീവ്: സർ, നേരത്തെ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നാണ് ലാൻഡ് എടുത്തത്. അതിൽ കുറച്ച് ഉപയോഗിക്കാതെയും കിടക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ ഓരോ മണ്ഡലത്തിലും ഒരു വ്യവസായ പാർക്ക് ആരംഭിക്കാനുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സ്വകാര്യ വ്യവസായ പാർക്കുകളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കും അതിന് മുൻകയ്യെടുക്കാം. മറ്റ് പാർക്കുകളിലേയ്ക്ക് പോകുമ്പോൾ ഒരു ഫീസിബിലിറ്റി സ്റ്റഡി വേണമെന്നാണ് ഇപ്പോൾ സർക്കാർ കാണുന്നത്. സ്ഥലം ഏറ്റെടുത്ത് ഒരു ഘട്ടം കഴിയുമ്പോഴാണ് അവിടെയൊന്നും നടത്താൻ പറ്റാത്ത

സാഹചര്യം വരുന്നത്. ചിലത് ഒട്ടും വയബിളല്ല. ഐ.ടി. പാർക്ക് വരുന്നതിന് പല ഘടകങ്ങളുണ്ട്. സർക്കാർ മുൻകയ്യെടുത്ത് ആരംഭിക്കുന്ന പാർക്കുകളെല്ലാം ഫീസിബിലിറ്റി സ്റ്റഡിയുടെ അടിസ്ഥാനത്തിൽ മാത്രമേ ആരംഭിക്കാൻ പാടുള്ളൂവെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. പി. വി. അൻവർ: സർ, വ്യവസായങ്ങൾ തുടങ്ങാൻ ഇന്ന് കേരളം ഏറ്റവും അനുയോജ്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാം, അത് നമ്മുടെ രാജ്യത്ത് ചർച്ചയാണ്. പക്ഷേ, കേരളത്തിൽ ഒരു പെട്ടിക്കടപോലും തുടങ്ങാൻ കഴിയില്ലെന്ന് പി. വി. അൻവർ പറഞ്ഞെന്ന തരത്തിലുള്ള വാർത്തകൾ ഈ സഭയിലടക്കം ചിലർ ഉന്നയിച്ചതായി കണ്ടു. എന്നെ വ്യാവസായികമായും കച്ചവടപരമായും തകർത്തുകൊണ്ട് എന്റെ രാഷ്ട്രീയം അവസാനിപ്പിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഞാൻ എന്റെ കച്ചവടം മുഴുവൻ പൂട്ടി രാഷ്ട്രീയത്തിന്റെ മൂർച്ചകൂട്ടാൻ നിൽക്കുകയാണിവിടെ. ഞാൻ ഇനി ഇവിടെ ഒരു പെട്ടിക്കടപോലും തുടങ്ങില്ലെന്നാണ് പറഞ്ഞത്. എന്റെ ചോദ്യം, പ്രവാസികൾക്കുവേണ്ടി പ്രത്യേകിച്ച് ഇന്ന് വിദേശത്തുനിന്നും മടങ്ങി വരുന്ന പ്രവാസി സമൂഹത്തിനുവേണ്ടി പ്രത്യേക പദ്ധതികൾ വല്ലതും വ്യവസായ വകുപ്പ് പ്ലാൻ ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, പ്രവാസി സംരംഭകർക്കായി, തിരിച്ചുവരുന്നവർക്കും പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമുള്ള രണ്ട് കോടി രൂപയുടെ വായ്പ പ്രവാസികൾക്ക് നൽകുന്നുണ്ട്. ഇതുകൂടാതെ സാധാരണ പ്രവാസി കുടുംബത്തിൽനിന്ന് വരുന്നവർക്ക് രണ്ട് ലക്ഷം രൂപവരെ കുടുംബശ്രീ അടിസ്ഥാനപ്പെടുത്തി വായ്പാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നേരത്തെ മലപ്പുറം ജില്ലയിൽ മീറ്റ് ദി മിനിസ്റ്റർ പരിപാടിക്ക് പോയപ്പോഴുള്ള അഭിപ്രായംകൂടി പരിഗണിച്ച് അവർക്കുമാത്രം മുൻഗണന നൽകുന്ന പാർക്കുകൾ ആരംഭിക്കുന്ന കാര്യവും ആലോചിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പൊതുവേ കേരളത്തിലാകെ നല്ല അന്തരീക്ഷമാണുള്ളത്. ചെറിയ വാക്കും വാചകങ്ങളുമെല്ലാമെടുത്ത് കേരളത്തിനെതിരെ പ്രയോഗിക്കാനുള്ള ശക്തമായ നീക്കം നടക്കുന്നുണ്ട്. ആ ജാഗ്രത എല്ലാവർക്കുമുണ്ടാകേണ്ടത് നല്ലതുതന്നെയാണ്. കിൻഫ്രയുടെ പാർക്കുകളെ സംബന്ധിച്ച് വന്ന ഒടുവിലത്തെ റിപ്പോർട്ടിൽ യുണൈറ്റഡ് നാഷണൽ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഓർഗനൈസേഷൻ, വേൾഡ് ബാങ്ക്, GIS എന്നിവ തയ്യാറാക്കിയ മാനദണ്ഡങ്ങളിൽ IPRS (Industrial

Park Rating System) 2.0 അനുസരിച്ചുള്ള അവരുടെ പ്രഖ്യാപനം വന്നിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട 15 പാർക്കുകളുടെ കൂട്ടത്തിൽ കിൻഫ്രയുടെ 4 പാർക്കുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഇടക്കുളങ്ങരയിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിക്കുന്നുണ്ട്. അവിടെ പാട്ട വ്യവസ്ഥയിൽ നിരവധി വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനകത്തെ റോഡുകൾ മുഴുവനും വർഷങ്ങളായി തകർന്ന് തരിപ്പണമായി കിടക്കുകയാണ്. അത് അടിയന്തരമായി നന്നാക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. വ്യവസായ വകുപ്പ് നേരിട്ട് നടത്തുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ 1960-കളിൽ ആരംഭിച്ചിട്ടുള്ളതാണ്. അതിൽ പലതിനും പശ്ചാത്തല സൗകര്യങ്ങളുടെ പരിമിതിയുണ്ട്. സർക്കാർ അത് പ്രത്യേകമായി കണ്ടിട്ടുണ്ട്. ജില്ലാ തലത്തിൽ അത്തരം പരാതികൾ

ലഭിച്ചിട്ടുണ്ട്. എല്ലാ വ്യവസായ പാർക്കുകളിലും കാലത്തിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിക്ക് വ്യവസായ ഡയറക്ടറേറ്റിൽ രൂപം കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ചേർത്തലയിൽ തുടങ്ങിയ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ദേശീയ തലത്തിൽ മികവ് പുലർത്തുന്ന സംവിധാനങ്ങളായി കിൻഫ്രയുടെ വ്യവസായ പാർക്കുകളെ ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ചേർത്തലയിലെ പാർക്കിന്റെ പണി പൂർത്തീകരിച്ചു. അത് ഓപ്പറേറ്റ് ചെയ്യാനുള്ള അനുമതിയും പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്ന് ലഭിച്ചുകഴിഞ്ഞു. ഭക്ഷ്യ സംസ്കരണം - പ്രത്യേകിച്ച് സീ ഫുഡിന്റെ സംസ്കരണത്തിൽ വലിയ മാറ്റമുണ്ടാക്കാൻ സഹായകരമാണ്. അതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും നടത്തിക്കഴിഞ്ഞു. കേന്ദ്രസഹായത്തോടെയുള്ള പദ്ധതിയാണ്. അതുകൊണ്ടുതന്നെ കേന്ദ്രസർക്കാരിനെ അറിയിച്ച്, സൗകര്യപ്രദമായ ഒരു തീയതി

തെരഞ്ഞെടുത്ത് അതിവേഗം ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് സഭയെ അറിയിക്കുന്നു.

ശ്രീമതി കെ. കെ. രമ : സർ, കേരളത്തിൽ സ്ത്രീകൾക്ക് സുരക്ഷിതത്വവും സുസ്ഥിര വരുമാനവും ഉറപ്പാക്കാൻ കഴിഞ്ഞാൽ ഏത് സംരംഭവും വിജയിപ്പിക്കാൻ കഴിയുന്ന ഒരു വലിയ സ്ത്രീസമൂഹം കേരളത്തിലുടനീളമുണ്ടെന്നുള്ളത് തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീ പങ്കാളിത്തം തെളിയിക്കുകയാണ്. നാളിതുവരെ അടുക്കളയുടെ നാല് ചുമരുകൾക്കുള്ളിൽ മാത്രം തളച്ചിടപ്പെട്ട ആ വലിയ വർക്ക് ഫോഴ്സിനെ ഉപയോഗപ്പെടുത്തി കേരളത്തിൽ നഗര-ഗ്രാമ വ്യത്യാസമില്ലാതെ എല്ലാ മേഖലകളിലും തൊഴിലുറപ്പ് പദ്ധതി മാതൃകയിൽ ഒരു ചെറുകിട വ്യവസായ തൊഴിലുറപ്പ് പദ്ധതി ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് പ്രധാന കാര്യമാണ്. വനിതകളെക്കൂടി സംരഭകരാക്കുന്നതിനുള്ള പ്രത്യേകമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം കുടുംബശ്രീയിൽ ഉൾപ്പെട്ട ആളുകൾക്കുള്ള ഒരു സംരംഭക പദ്ധതി എറണാകുളത്ത് ഉദ്ഘാടനം ചെയ്തു. നാല് കോടിയിലധികം രൂപ അവിടെവച്ച് വിതരണം

ചെയ്യുകയുണ്ടായി. ചെറിയ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ സ്ത്രീകൾക്ക് പ്രധാന പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പും, വ്യവസായ വകുപ്പും ചേർന്ന് ആയിരത്തിൽ അഞ്ച് എന്ന രൂപത്തിൽ തൊഴിൽ നടപ്പിലാക്കുമ്പോൾ പ്രധാനപ്പെട്ട ഒരു പങ്ക് സ്ത്രീകൾക്കാണ് ലഭിക്കുന്നത്. സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

## വിറ്റഴിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റെടുക്കൽ

(*333) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഭെൽ-ഇ.എം.എൽ. സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തിയായോ; സമാന രീതിയിൽ ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയാണ് സംസ്ഥാനം ഏറ്റെടുക്കുകയോ ഏറ്റെടുക്കാൻ ശ്രമം നടത്തുകയോ ചെയ്യുന്നതെന്ന് അറിയിക്കാമോ;

(ബി) കൊച്ചിൻ റിഫൈനറി ഉൾപ്പെടെ രാജ്യത്തെ ഏറ്റവും വലിയ എണ്ണ കമ്പനിയായ മഹാരത്ന പദവിയിലുള്ള ബി.പി.സി.എൽ. വിൽക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമം പെട്രോ കെമിക്കൽ പാർക്ക് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വ്യവസായങ്ങളെയും പാചകവാതക ഉപഭോക്താക്കളെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നീക്കത്തിൽനിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കുമോ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) കാസർഗോഡ് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെൽ-ഇ.എം.എൽ.-ന്റെ 51% ഓഹരി വാങ്ങി ടി സ്ഥാപനത്തെ ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+. 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്നുള്ളതുകൊണ്ട് പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കുന്ന നടപടി മുന്നോട്ടുകൊണ്ടുപോകാൻ

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കഴിഞ്ഞിട്ടില്ല. സർക്കാർ സൗജന്യമായി കൊടുത്തതാണ്. ഭൂമിവില വേണമെന്നാണ് ഇപ്പോൾ കേന്ദ്രസർക്കാർ ആവശ്യപ്പെടുന്നത്. എന്നാൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. കമ്പനി ബോർഡിൽപോയി ബിഡ് ചെയ്താണ് ആ സ്ഥാപനം ഏറ്റെടുത്തിട്ടുള്ളത്. കേന്ദ്രസർക്കാർ നമുക്ക് നൽകിയില്ല. ഒരു പുതിയ സ്ഥാപനം രൂപീകരിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

(ബി) ഏറ്റവും വലിയ പെട്രോളിയം കമ്പനിയായ മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനെ (ബി.പി.സി.എൽ.) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്ന കമ്പനികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ.-നെയും അതിന്റെ ഭാഗമായ കൊച്ചിൻ റിഫൈനറിയെയും സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തുകളിലൂടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട

കേന്ദ്രസർക്കാർ നീക്കത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്നും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിന്മാറണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതാണ്.

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കത്തക്ക വിധത്തിൽ ശക്തിപ്പെടുത്തുന്ന നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും പൊതുവേ അവലോകനം ചെയ്യുകയുണ്ടായി. സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന

വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ മാസ്റ്റർ പ്ലാനുകൾ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള കർമ്മപദ്ധതി നടപ്പിലാക്കാൻ റിയാബ്-ൽ ഒരു പ്രത്യേക സംവിധാനം കൊണ്ടുവരുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇത് ദീർഘമായ മറുപടിയായതിനാൽ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

ശ്രീ. കെ. ജെ. മാക്സി: സർ, രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വില്പന തുടങ്ങിവച്ചത് കോൺഗ്രസ്സ് സർക്കാരിന്റെ കാലത്തായിരുന്നു. എന്നാൽ ബി.ജെ.പി. അത് തുടർന്നുകൊണ്ടിരിക്കുകയാണ്. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് ഇടതുപക്ഷങ്ങളുടെ പിന്തുണയുണ്ടായിരുന്ന കാലമൊഴിച്ചാൽ ഈ വിൽപ്പന ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. എന്റെ ചോദ്യം, കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, ഏതുതരത്തിലുള്ള ഇടപെടൽ നടത്തിയാണ് സർക്കാർ ഏറ്റെടുത്തത്; ഏറ്റെടുത്ത ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണം ഏതുതരത്തിൽ നടപ്പിലാക്കാനാണ് സർക്കാർ

+ അനുബന്ധമായിചേർത്തിട്ടുണ്ട്.

ഉദ്ദേശിക്കുന്നത്; കോട്ടയം ജില്ലയുടെ സവിശേഷ സാഹചര്യം മുൻനിർത്തി റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ ആലോചനയുണ്ടോ?

മി. സ്പീക്കർ: അങ്ങയ്ക്ക് ഒരു അവസരം കൂടിയുണ്ട്. എല്ലാ ചോദ്യങ്ങളും ഒരുമിച്ച് ചോദിക്കരുത്.

ശ്രീ. പി. രാജീവ്: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൻ.എൽ. സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച ഘട്ടത്തിൽ അത് കേരളത്തിന് വിട്ടുതരണമെന്ന് സർക്കാർ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കേന്ദ്രസർക്കാർ അതിന് തയ്യാറായില്ല. കമ്പനി ബോർഡിൽ എൻ.സി.എൽ.റ്റി.-യുടെ കൊച്ചി ബഞ്ച് അവിടെ ബിഡ്ഡിൽ വന്നു. 271.5 കോടി രൂപയുടെ റെസല്യൂഷൻ പ്ലാൻ അംഗീകരിച്ചുകൊണ്ട് ആ സ്ഥാപനം വിട്ടുതരികയാണ് ചെയ്തത്. അതോടുകൂടി എച്ച്.എൻ.എൽ.-ന്റെ എല്ലാ ലയബലിറ്റികളും എൻ.സി.എൽ.റ്റി. കാണുകയുണ്ടായി. അതിൽ തൊഴിലാളികളെ സംബന്ധിച്ചുള്ളത്, കടബാധ്യതകൾ, മറ്റ് എല്ലാ ബാധ്യതകളും അവർ നിശ്ചയിച്ചതനുസരിച്ചാണ് 271.5 കോടി രൂപ ഒരു ലയബലിറ്റിയുമില്ലാത്ത രൂപത്തിൽ പിന്നീട് സ്ഥാപനത്തെ സർക്കാർ ഏറ്റെടുത്തത്. പ്രസ്തുത സ്ഥാപനം മുന്നോട്ട് കൊണ്ടുപോകുന്നത് സംബന്ധിച്ച്

സർക്കാർ നിലപാട് സ്വീകരിച്ചു. അതിലൊന്ന്, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പുതിയൊരു കമ്പനി രൂപീകരിക്കുകയാണ്. റസല്യൂഷൻ പ്ലാൻ അനുസരിച്ചുള്ള പുതിയ കമ്പനിയാണ്, നിലവിൽ ഇഷ്ടമുള്ള ജീവനക്കാരെവച്ച് സ്ഥാപനം തുടങ്ങാവുന്നതാണ്. എങ്കിലും ഒരു രാഷ്ട്രീയ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ പുതിയ സ്ഥാപനം തുടങ്ങുമ്പോൾ കമ്പനിക്ക് ആവശ്യമായ മേഖലകളിൽ അവിടെയുണ്ടായിരുന്ന തൊഴിലാളികൾക്ക് മുൻഗണന നൽകണമെന്നാണ് കാണുന്നത്. അതുസംബന്ധിച്ച് ഒരു സ്പെഷ്യൽ ഓഫീസറെ സർക്കാർ ഇപ്പോൾ നിയോഗിച്ചിട്ടുണ്ട്. അദ്ദേഹം വിശദമായ ഒരു ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. നാല് സ്റ്റേജിൽ അത് മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. ന്യൂസ് പ്രിന്റിന് പൊതുവേ മാർക്കറ്റ് ഇടിഞ്ഞുവരുന്ന സാഹചര്യമുണ്ട്. ന്യൂസ് പ്രിന്റിൽ തുടങ്ങി പേപ്പർ പ്രോഡക്ട്സിലേയ്ക്ക് മാറുന്ന നാല് ഘട്ട പദ്ധതി ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ അവസാന ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിവേഗത്തിൽ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം, കേരള റബ്ബർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. മലേഷ്യയിൽ

ഉൾപ്പെടെ, അന്തർ ദേശീയ തരത്തിൽ റബ്ബർ മേഖലയിൽ പ്രവർത്തിച്ച് പരിചയ സമ്പത്തുള്ള, മുമ്പ് റബ്ബർ ബോർഡിന്റെ ചെയർമാനായിരുന്ന, മുൻ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീമതി ഷീല തോമസ്, ഐ.എ.എസ്.-നെ ഇതിന്റെ സി.എം.ഡി.-യായി നിയോഗിച്ചിട്ടുണ്ട്. അതുസംബന്ധിച്ച ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്. ബാക്കി സ്ഥലം കിൻഫ്രാ ഒരു എസ്റ്റേറ്റ് ആയി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി: സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാരിന്റ ഓഹരിയും ആസ്തിയും തിരികെ ലഭിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, പല ഘട്ടങ്ങളിലും എടുത്ത കാര്യങ്ങൾ മുഖ്യ ഉത്തരത്തിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാർ വ്യത്യസ്തമായ ഒരു സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ടാണ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പോലുള്ള സ്ഥാപനങ്ങളിൽ സൗജന്യമായി കൊടുത്ത ഭൂമി തന്നെ വിട്ടുകിട്ടാത്ത സാഹചര്യമുണ്ട്. റിഫൈനറിയിൽ ഓഹരി നിലനിർത്തിയിട്ടുണ്ട്. ബി.പി.സി.എൽ. സ്വകാര്യവൽക്കരിക്കുമ്പോൾ,

അതിനെ അടിസ്ഥാനപ്പെടുത്തി രൂപം കൊടുത്തിട്ടുള്ള പെട്രോ കെമിക്കൽ പാർക്കിന് ആവശ്യമായ അസംസ്കൃതവസ്തു ആ സ്ഥാപനത്തിൽനിന്ന് കിട്ടിയില്ലെങ്കിൽ ഈ പദ്ധതി അവതാളത്തിലാകും. അത് മുന്നിൽ കണ്ടുകൊണ്ട് സർക്കാർ അവരുമായി ചർച്ച ചെയ്ത് ബി.പി.സി.എൽ.-മായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. നമ്മുടെ താല്പര്യം പരമാവധി സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. നേരത്തെ വിട്ടുകൊടുത്ത കെൽ, കാസർഗോഡ് യൂണിറ്റും സർക്കാർ ഏറ്റെടുത്തത് ഇതേ രൂപത്തിൽ തന്നെയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u> :സർ, കേരള നിയമസഭയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച സുപ്രധാനമായ ചർച്ച നടക്കുമ്പോൾ, ഒരുപക്ഷേ അവിചാരിതമായിട്ടായിരിക്കാം ഇന്ന് ഡൽഹിയിലെ ലോധി റോഡിൽ ബി.എം.എസ് പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാൻ പാടില്ലെന്നുപറഞ്ഞ് ഒരു പ്രക്ഷോഭം നടത്തുകയാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് സംരക്ഷിക്കാൻ ബഹുമാനപ്പെട്ട ചെയർ ഉൾപ്പെടെ പാർലമെന്റിൽ നടത്തിയ സമരങ്ങളൊക്കെ നമുക്ക് ബോധ്യമുണ്ട്.

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കണം. കാരണം പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുക എന്നുള്ളത് 30 വർഷത്തെ നവലിബറൽ നയങ്ങളുടെ ബാക്കിപത്രമാണ്. എന്റെ ചോദ്യം, പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കണമെന്നതിൽ യാതൊരു സംശയവുമില്ല. അതോടൊപ്പം, കേരളത്തിലെ കെൽട്രോൺ പോലുള്ള, കെ.പി.പി. നമ്പ്യാർ ദീർഘവീക്ഷണത്തോടെ ആരംഭിച്ച കെൽട്രോൺ സംരക്ഷിക്കാനുള്ള പാക്കേജ് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാക്കിയിട്ടുണ്ട്. കെൽട്രോൺ ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സമയബന്ധിതമായി വികസിപ്പിക്കാനാവശ്യമായ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടുള്ളത്; കെൽട്രോണിന്റെ നഷ്ടപ്രതാപം തിരിച്ചുപിടിക്കാൻ എന്തൊക്കെ പദ്ധതികൾ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയതുപോലെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുക എന്നുള്ളത് പുനർവിചിന്തനം ചെയ്ത് കണ്ടെത്തേണ്ട കാര്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ വെറുതേ സംരക്ഷിക്കലല്ല. പൊതുമേഖലാ

സ്ഥാപനത്തെ ഈ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുന്ന രൂപത്തിൽ മത്സരക്ഷമമാക്കി, ലാഭകരമാക്കി സംരക്ഷിക്കാനുള്ളതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണമെന്ന് പറയുമ്പോൾ അത് പൊതുമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംരക്ഷണം മാത്രമാണെന്നുള്ളത് തെറ്റാണ്. പൊതുമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ സംരക്ഷിക്കേണ്ടത് ആവശ്യമാണ്. എന്നാൽ പൊതുമേഖലയുടെ സംരക്ഷണം തൊഴിലാളികളുടെ മാത്രം സംരക്ഷണമാണെന്ന തെറ്റായ അവബോധം പാടില്ല. തൊഴിലാളികളെ സംരക്ഷിക്കുന്നതിനും പൊതുമേഖലയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇവിടെ ചൂണ്ടിക്കാട്ടിയത്, കെൽട്രോൺ 1973-ൽ തുടങ്ങിയതാണ്. അത് മുന്നോട്ടുകൊണ്ടുപോകുന്നതിൽ പൊതുവേ കുറച്ച് പരിമിതികളുണ്ടായി. അത് മറികടക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. INS വിക്രാന്തിൽ ഉപയോഗിക്കുന്ന നല്ലൊരു ഭാഗവും കെൽട്രോൺ വികസിപ്പിച്ചെടുത്ത കാര്യങ്ങളാണെന്നുള്ളതിൽ നമുക്ക് ഇപ്പോൾ അഭിമാനിക്കാം. ഐ.എസ്.ആർ.ഒ.-യുടെ ഉപഗ്രഹങ്ങളിൽ ഉൾപ്പെടെ ഉപയോഗിക്കുന്നത് കെൽട്രോൺ നിർമ്മിച്ചുകൊടുക്കുന്ന കാര്യങ്ങളാണ്. പ്രതിരോധ

മന്ത്രാലയങ്ങളുമായിട്ടുള്ള കരാറുകൾ ഒപ്പുവയ്ക്കുന്നുണ്ട്. ഞാൻ എൻ.പി.ഒ.എൽ. സന്ദർശിച്ചിരുന്നു. എൻ.പി.ഒ.എൽ.-മായി കെൽട്രോൺ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. സഭയിൽ മറ്റൊരു കാര്യം പറയാനുദ്ദേശിക്കുന്നത് ഇതുമായി ബന്ധപ്പെട്ട് അതിവേഗത്തിൽ വികസിക്കുന്ന ഒരു മേഖല സെമി കണ്ടക്ടറുകളാണ്. സെമി കണ്ടക്ടറുകൾ നിർമ്മിക്കുന്നതിൽ 500 ഏക്കർ സ്ഥലം കണ്ണൂരിലെ മട്ടന്നൂരിൽനിന്ന് കൊടുക്കുന്നതിന് തയ്യാറാണെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിൽ ബെൽജിയത്ത് നിന്നുള്ള സെമി കണ്ടക്ടർ മേഖലയിലെ പ്രധാനപ്പെട്ട കമ്പനി വരികയുണ്ടായി. അവരുമായും ആശയ വിനിമയം നടക്കുന്നുണ്ട്. ഇലക്ട്രോണിക്സ് മേഖല ശക്തിപ്പെടുത്താൻ നമുക്ക് എല്ലാ നടപടികളും സ്വീകരിക്കാം.

ശ്രീ. എം. രാജഗോപാലൻ: സർ, ആറ് ലക്ഷം കോടി രൂപ വരുന്ന നാടിന്റെ സ്വത്തുക്കൾ വില്പനയ്ക്ക് വച്ചിരിക്കുകയാണ് മോദി സർക്കാർ. കോഴിക്കോട് വിമാനത്താവളം ഇതിലുൾപ്പെടും. ഇവിടെയാണ് കേരള ഗവൺമെന്റിന്റെ അല്ലെങ്കിൽ പിണറായി സർക്കാരിന്റെ പൊതുമേഖല സംരക്ഷണ നടപടികളുടെ പ്രസക്തി. എന്റെ ചോദ്യം, പൊതുമേഖലാ

സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള പർച്ചേസിനെ സംബന്ധിച്ചാണ്. യഥാർത്ഥ്യ ബോധമില്ലാത്ത ആവശ്യകതാ നിർണ്ണയത്തിലേയ്ക്കും അനാവശ്യ ചെലവിലേയ്ക്കും നയിക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കാൻ നിശ്ചിത നിലവാരത്തിലുള്ള സാധനങ്ങളും സേവനങ്ങളും മത്സരാധിഷ്ഠിതമായ വിലയിൽ ന്യായവും പക്ഷപാതരഹിതവും സുതാര്യവുമായ രീതിയിൽ വാങ്ങുന്നതിനായി പദ്ധതിയനുസരിച്ച് പ്രവർത്തിക്കുന്ന ഏകരൂപമുള്ളതുമായ തീരുമാനമെടുക്കൽ സംവിധാനം ഉറപ്പാക്കുന്നതിനാവശ്യമായ ഒരു വാങ്ങൽ പ്രക്രിയ നിയമാവലി തയ്യാറാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, സുതാര്യമായാണ് പർച്ചേസുകൾ നടക്കുന്നത്. CVC guidelines പിൻതുടരുന്നുണ്ട്. എല്ലാം ഇ-ടെണ്ടറിലേയ്ക്ക് മാറിയിട്ടുണ്ട്. പർച്ചേസിന്റെ കാര്യത്തിൽ ഒരു പ്രശ്നം നിലനിൽക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ സ്റ്റേറ്റ് പർച്ചേസ് മാനുലിനെ പിൻതുടരാനാണ് നിർബന്ധിതമാകുന്നത്. അതുകൊണ്ട് 10 കോടി രൂപയിൽ കൂടുതലുള്ള പരച്ചേസാണെങ്കിൽ ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള കമ്മിറ്റി അംഗീകരിച്ച് വരണം. അടിയന്തരമായി ഒരു സാധനം വാങ്ങണമെങ്കിൽ പർച്ചേസ്

മാന്വലിനെ അടിസ്ഥാനപ്പെടുത്തി ചർച്ച ചെയ്ത് തീരുമാനമെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞതുപോലെയുള്ള പല തട്ടുകളിലൂടെ കടന്നുവരുമ്പോഴേയ്ക്ക് ഈ ടെക്നോളജി മാറുകയും പുതിയ സാധനം വാങ്ങുന്നതിനുള്ള സാഹചര്യം വരികയും ചെയ്യും. കേന്ദ്ര പി.എസ്.യു.-കൾക്കെല്ലാം പർച്ചേസ് മാന്വലുണ്ട്. ഇപ്പോൾ അവ സ്വകാര്യവത്കരിച്ചുകൊണ്ടിരിക്കുകയാണ്.ഇപ്പോൾ അക്കൗണ്ടബിലിറ്റിയുടെ അടിസ്ഥാനത്തിൽ പി.എസ്.യു-കൾക്ക് ഫംഗ്ഷണലും ഫിനാൻഷ്യലുമായ ആട്ടോണമി നൽകണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന് കെ.എസ്.ഐ.ഡി.സി.-യുടെ ചെയർമാൻ ശ്രീ. പോൾ ആന്റണി അദ്ധ്യക്ഷനായും റിഫൈനറിയുടെ മുൻ ഇ.ഡി. ആയിരുന്ന ശ്രീ. പ്രസാദ് പണിക്കരും ടി.സി.സി.-യുടെ എം.ഡി. ആയ ശ്രീ. കെ. ഹരികുമാറും അംഗങ്ങളായുള്ള മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുതാര്യമായ പർച്ചേസ് സംവിധാനം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉണ്ടാക്കണമെന്നാണ് കരുതുന്നത്. ഗ്രേഡ് തിരിച്ച് സാമ്പത്തികമായി മെച്ചപ്പെട്ട് നിൽക്കുന്നവയ്ക്കും അല്ലാത്തവയ്ക്കും പ്രത്യേകം രീതിയിലുള്ള ചില പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനാണ്

സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ബി.പി.സി.എൽ.-മായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ പെട്രോകെമിക്കൽ പാർക്കിനോടനുബന്ധിച്ച് പ്രത്യേക വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ കിൻഫ്ര വ്യവസായികൾക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുള്ളതും അതിനുവേണ്ടി 20 ശതമാനം തുക അടച്ച് അഞ്ച് മാസം പിന്നിട്ടിട്ടും ഭൂമി അളന്ന് തിട്ടപ്പെടുത്തി വ്യവസായികൾക്ക് നൽകാൻ കിൻഫ്രയ്ക്ക് ഇതുവരെ സാധിച്ചിട്ടില്ല. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഈ കാര്യത്തിൽ കാലതാമസം കൂടാതെ പരിഹാരം കാണാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അത്തരത്തിലുള്ള ഒരു പരാതിയും ഒരു സംരംഭകരിൽനിന്നും ഗവൺമെന്റിനുമുമ്പിൽ ഇതുവരെ വന്നിട്ടില്ല. അവിടെ നല്ല രീതിയിൽത്തന്നെ സ്ഥലം അലോട്ട് ചെയ്ത് കൊടുക്കുന്നുണ്ട്. ഇത് മറ്റ് താല്പര്യങ്ങൾക്കല്ലെന്ന് ഉറപ്പിക്കുന്നതിനുവേണ്ടി ഒരു പ്രോസസ് ഉണ്ടാകും. വളരെ വേഗം ഭൂമി നൽകുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. കോവിഡ് ആയതിനാൽ ചില പ്രത്യേക ഇളവുകൾ നൽകിയിട്ടുണ്ട്. പണം നൽകുന്ന കാര്യത്തിൽ കുറച്ച് പണം ആദ്യം നൽകികൊണ്ട് ഒരു early bidding

scheme തന്നെ അവിടെ നടപ്പിലാക്കിവരികയാണ്. വേഗത്തിൽ സ്ഥലം നൽകുന്നതിനാണ് കിൻഫ്ര ശ്രമിക്കുന്നത്. പ്രത്യേകിച്ച് ഈ വിഷയം സംബന്ധിച്ച് ഏതെങ്കിലും കേസുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമാണെന്ന് അങ്ങ് സൂചിപ്പിച്ചു. ആ നയം വളരെ സ്വാഗതാർഹമാണ്. നല്ല രീതിയിലും ലാഭകരമായും പ്രവർത്തിക്കുന്ന എന്നാൽ സാധ്യതകളെ പൂർണ്ണമായും ഉപയോഗിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഉദാഹരണമായി കുണ്ടറ സെറാമിക്സ് (ceramics). അതിന് മാർക്കറ്റിൽ നല്ല സാധ്യതയുണ്ട്. വൈവിധ്യവത്ക്കരണത്തിനുള്ള സാധ്യതയുണ്ട്. എന്നാൽ ധാരാളം സ്ഥലം ഉപയോഗ ശൂന്യമായി കിടക്കുന്നു. അതുപോലെ, കഴിഞ്ഞ ദിവസം ശ്രീ. സജി ചെറിയാൻ ഇവിടെ സൂചിപ്പിച്ച Alind-ന്റെ ഏക്കർ കണക്കിന് ഭൂമി അന്യാധീനപ്പെട്ട് കിടക്കുകയാണ്. ആ സംരംഭകൻ ഒന്നും ചെയ്യുന്നില്ല. അലിൻഡിനെയും സെറാമിക്സിനെയും പോലെ വൈവിധ്യവത്ക്കരണത്തിന്റെയും മാർക്കറ്റിന്റെ അന്താരാഷ്ട്ര സാധ്യതകളെയും പ്രയോജനപ്പെടുത്താൻ കഴിയുന്ന പൊതുമേഖലാ

സ്ഥാപനങ്ങളെ കൂടുതൽ മെച്ചപ്പെടുത്താനും അവിടെ ഉപയോഗ ശൂന്യമായി കിടക്കുന്ന സ്ഥലങ്ങൾ ഉപയോഗിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ അങ്ങ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്ന് തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തെ സംബന്ധിച്ച് ഞാൻ നേരത്തെ പരാമർശിച്ചിരുന്നു. സെറാമിക്സിനെ സംബന്ധിച്ച് അദ്ദേഹത്തിന് അറിയാവുന്നതാണ്. ഒരു പരിപാടിയുടെ ഭാഗമായി ഞങ്ങൾ ഒന്നിച്ച് അവിടം സന്ദർശിച്ചതാണ്. അവിടെ മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ട്. അടുത്ത ദിവസംതന്നെ 42 പൊതുമേഖല സ്ഥാപനങ്ങളുടേയും മാസ്റ്റർ പ്ലാനുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിൽ സമർപ്പിക്കാനാണ് വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നത്. മാസ്റ്റർ പ്ലാൻ കൊണ്ടുമാത്രം കഴിയില്ല. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. വേണം. അതിന്റെ അടിസ്ഥാനത്തിൽ ആക്ഷൻ പ്ലാനും റോഡ് മാപ്പ് വരും. അതിനുള്ള കാര്യക്ഷമമായ സംവിധാനങ്ങൾ നടപ്പിലാക്കണമെന്നാണ് സർക്കാർ കാണുന്നത്. അതിനുവേണ്ടി എല്ലാ എം.ഡി.-മാരെയും പ്രൊഫഷണലായി നിയമിക്കുന്നതിനുള്ള പ്രക്രിയ ആരംഭിച്ചു. അതിന്റെ

ഇന്റർവ്യൂ നടക്കുകയാണ്. നല്ല നേതൃത്വംകൂടി വരുമ്പോൾ മാറ്റമുണ്ടാക്കാൻ സാധിക്കും. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭൂമി ഉപയോഗിക്കാതെ കിടക്കുന്നുവെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. കിൻഫ്രയുമായോ കെ.എസ്.ഐ.ഡി.സി.-യുമായോ ചേർന്നുകൊണ്ട് ഈ സ്ഥാപനത്തിനുകൂടി സഹായകരമാകുന്ന രൂപത്തിൽ എസ്റ്റേറ്റുകളായി വികസിപ്പിക്കാമോയെന്ന കാര്യവും സർക്കാർ  പരിശോധിച്ചുവരുന്നു. Alind സ്വകാര്യ സംരംഭകർ ആയതുകൊണ്ടുള്ള മറ്റ് പരിമിതികൾ  നിലനിൽക്കുന്നു.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമല്ല കേന്ദ്ര ബി.ജെ.പി. സർക്കാരിന്റേത് എന്ന് അറിയാം. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതിന് തടയിടാൻ നല്ല ശ്രമം നടത്തേണ്ടതുണ്ട്. എന്റെ ചോദ്യം, ബി.പി.സി.എൽ.-കൊച്ചി റിഫൈനറിക്ക് സംസ്ഥാന സർക്കാർ ഭൂമിയേറ്റെടുത്ത് നൽകിയത് പബ്ലിക് പർപ്പസ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയല്ലേ; അങ്ങനെയാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ അനുവാദമില്ലാതെ വിൽപ്പന നടത്താൻ കഴിയുമോ; അതിന്റെ നിയമവശങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നേരത്തെ തിരുവനന്തപുരം എയർപോർട്ടിന്റെ

കാര്യത്തിൽ സമാനമായ നിയമവശത്തെ സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്തതാണ്. നിലവിൽ ഇത്തരം കാര്യങ്ങളിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന സമീപനം വ്യക്തമാണ്. നമ്മുടെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള പരമാവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ സൂചിപ്പിച്ചതുപോലെ പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും കത്ത് എഴുതുകയുണ്ടായി. ഈ സഭ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. സാധ്യമാകാവുന്ന എല്ലാ ശ്രമങ്ങളും പൊതുമേഖലയെ നിലനിർത്തുന്നതിനുവേണ്ടി സർക്കാർ നടത്തുന്നുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, കോടഞ്ചേരി മുനിസിപ്പാലിറ്റിയിലടക്കം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ സ്ഥലം ഒഴിഞ്ഞുകിടക്കുകയാണ്. എന്റെ ചോദ്യം, കഴിഞ്ഞ ദിവസം കിൻഫ്രയുമായി ബന്ധപ്പെട്ട് ഉപയോഗപ്പെടുത്താത്ത സ്ഥലങ്ങളെ സംബന്ധിച്ച് പറഞ്ഞപ്പോൾ കുറ്റിപ്പുറത്തെ കിൻഫ്രാ പാർക്കിനെ സംബന്ധിച്ച് സൂചിപ്പിച്ചില്ല. അവിടെ പുതിയ വ്യവസായങ്ങളൊന്നുമില്ല.

അവിടെ മാലിന്യ സംസ്കരണ പ്ലാന്റ് കൊണ്ടുവരുമെന്ന വാർത്തയാണ് കേൾക്കുന്നത്. അവിടത്തെ ആളുകൾ അതിനോട് വലിയ രീതിയിലുള്ള എതിർപ്പുകളാണ് പ്രകടിപ്പിക്കുന്നത്. നാഷണൽ ഹൈവേയുടെ സമീപത്തുതന്നെയാണത്. ഏറ്റവും നല്ല വ്യവസായ സംരംഭം തുടങ്ങാൻ എല്ലാ ആക്സസബിലിറ്റിയുമുള്ള വളരെ അനുയോജ്യമായ സാഹചര്യമാണ് അവിടെയുള്ളത്. അതുകൊണ്ട് നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അവിടെ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, കിൻഫ്രയുടെ സ്ഥലത്ത് അലോട്ട്മെന്റ് നടക്കുന്നുണ്ട്. വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി എടുത്ത ഭൂമി മറ്റാവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കാൻ പാടില്ലെന്നാണ് വ്യവസായ വകുപ്പിന്റെ നിലപാട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, അങ്ങ് പൊതുമേഖലാ സ്ഥാപനങ്ങളുടെ പർച്ചേസ് മാന്വലിനെ സംബന്ധിച്ച് പറഞ്ഞു. കൃഷി വകുപ്പിന്റെ കീഴിലുള്ള KAMCO -ക്ക് ഉചിതമായ പർച്ചേസ് മാന്വൽ കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ തയ്യാറാക്കിയിരുന്നു. പർച്ചേസ് മാനുവലുമായി

ബന്ധപ്പെട്ട് നിർണ്ണായകമായ തീരുമാനം കോർപ്പറേഷനുകളും ഇതുപോലെയുള്ള വ്യവസായശാലകളും എടുത്തില്ലെങ്കിൽ അവർക്ക് ആവശ്യത്തിനുള്ള സാധനങ്ങൾ യഥാസമയം പർച്ചേസ് ചെയ്യാൻ സാധിക്കില്ല. KAMCO-യ്ക്ക് വേണ്ടി തയ്യാറാക്കിയ പർച്ചേസ് മാന്വൽ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, പർച്ചേസ് മാന്വലിനെക്കുറിച്ച് വളരെ വിശദമായി ഞാൻ നേരത്തെ സൂചിപ്പിച്ചു. അതുസംബന്ധിച്ച് ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. അവർ എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതിന്റെ ഭാഗമായി അതുകൂടി പരിശോധിക്കും.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. സംസ്ഥാനത്തിന് കൈമാറാനുള്ള വിലയും നിശ്ചയിച്ചതാണ്. സൗജന്യമായി കൊടുത്ത സ്ഥലത്തിന് വില ചോദിക്കുന്നുവെന്നാണ് ഇപ്പോൾ പറഞ്ഞത്. ഇത് സെറ്റിൽ ചെയ്യാനുള്ള എന്തെങ്കിലും ചർച്ച നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അവസ്ഥയും പുരോഗതിയും വിശദീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇക്കാര്യം ഞാൻ നേരത്തെ

വ്യക്തമാക്കിയതാണ്. കേന്ദ്ര സർക്കാരിന്റെ സമീപനമാണത്. സ്ഥലം പരമാവധി വിട്ടുകിട്ടുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇപ്പോൾ ബെൽ-ഇ.എം.എം.എൽ-ന്റെ സ്ഥലം കൊടുത്തതിൽ നേരത്തേതിൽനിന്നും വ്യത്യസ്തമായ സമീപനം സ്വീകരിച്ചു. ഇപ്പോൾ പത്ത് ശതമാനം പലിശ വേണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെയാണെങ്കിൽപോലും ആ സ്ഥലം ഏറ്റെടുക്കണമെന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിനനുസരിച്ചുള്ള തീരുമാനം എടുത്തിട്ടുണ്ട്. പൊതുവേ അത്തരത്തിലുള്ള സമീപനമാണ് സ്വീകരിക്കുന്നത്.

## വ്യവസായ ഇടനാഴികൾ

4 (*334) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വ്യവസായ ഇടനാഴികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ഇടനാഴിയിൽ ഏതൊക്കെ വ്യവസായങ്ങളെ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്; ഇതിലൂടെ സംസ്ഥാനത്ത് തൊഴിൽ ലഭ്യതയുടെ വർദ്ധന ഉറപ്പുവരുത്താൻ സാധിക്കുമോ; വ്യക്തമാക്കുമോ;

(സി) എല്ലാ നിയോജകമണ്ഡലത്തിലും മിനി വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് സ്ഥാപിക്കുന്ന വ്യവസായ പാർക്കുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പാർക്കുകൾ മുഴുവനും സർക്കാർ മേഖലയിൽത്തന്നെ നിലനിർത്താനാണോ ഉദ്ദേശിക്കുന്നത്; സ്വകാര്യ വ്യവസായ പാർക്കുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പാർക്കുകളിൽ പരമ്പരാഗത വ്യവസായങ്ങൾക്കൊപ്പം ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങളും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിക്ക്

വേണ്ടിയാണ്. വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കേരളത്തിൽ, കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന ഇടനാഴി കടന്നുപോകുന്ന പ്രദേശങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്കും ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരമൊരുക്കും. കൊച്ചി-ബംഗളൂരു ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50 ശതമാനവും National Industrial Corridor Development & Implementation Trust (NICDIT)-യുടെ 50 ശതമാനവും പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ്

ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്" എന്ന കമ്പനി രൂപീകൃതമായിട്ടുണ്ട്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു 'നോഡാ'യി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആന്റ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. പാലക്കാട് നോഡിനായി ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 470 ഏക്കറും പുതുശ്ശേരി സെൻട്രൽ I വില്ലേജിൽ 600 ഏക്കറും പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കറും പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ 375 ഏക്കറും കണ്ടെത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയാണ്. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. പുതുശ്ശേരി സെൻട്രൽ I വില്ലേജിലെ 600 ഏക്കർ

ഭൂമിയുടെ 19(1) പ്രഖ്യാപനം പുറപ്പെടുവിച്ചു. പുതുശ്ശേരി സെൻട്രൽ - II വില്ലേജിൽ 501 ഏക്കർ ഭൂമിയുടെ 11 (1) പ്രഖ്യാപനം പുറപ്പെടുവിച്ചു. പാലക്കാട് പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ 375 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസംബർ 2021-ഓടുകൂടി ഭൂമി ഏറ്റെടുക്കാൻവേണ്ട നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectares (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും 1964-ലെ കേരള ലാന്റ് അസൈൻമെന്റ് റൂൾസിലെ ചട്ടം 11(1) പ്രകാരമുള്ള വിജ്ഞാപനം 04.10.2021-ൽ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഇടനാഴിയിൽ വ്യവസായങ്ങളുടെ ക്ലസ്റ്ററുകളാണ് രൂപവൽകരിക്കുന്നത്. പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് CH2M എന്ന

ഏജൻസിയെ NICDIT ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പഠനം നടന്നുവരുന്നു. പഠനം പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ഇതുസംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ പാലക്കാട് നോഡിൽ 10,000 കോടി രൂപയുടെ നിക്ഷേപവും 22,000-ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 80,000-ഓളം പരോക്ഷമായ തൊഴിലവസരങ്ങളും അഞ്ച് വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗിഫ്റ്റ് സിറ്റി യാഥാർത്ഥ്യമാകുമ്പോൾ 3000 കോടി രൂപയുടെ നിക്ഷേപവും 10000-ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 20000-ഓളം പരോക്ഷമായ തൊഴിലവസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളോ മറ്റ് ഏജൻസികളോ അനുയോജ്യമായ ഭൂമി ലഭ്യമാക്കിയാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ പാർക്കുകൾ എല്ലാ മണ്ഡലങ്ങളിലും ഒരുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. സ്വകാര്യ വ്യവസായ പാർക്കുകളും സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നതാണ്.

(ഡി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ സ്ഥാപിക്കപ്പെടുന്ന വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, ഗതാഗതം എന്നിവ സജ്ജമാക്കുന്നുണ്ട്. കൂടാതെ സുരക്ഷ ഉറപ്പാക്കുന്നതിന് ചുറ്റുമതിൽ, ഗേറ്റ് എന്നിവയും ഡ്രെയിനേജ് സംവിധാനവും, മാലിന്യ സംസ്കരണത്തിനായി Effluent Treatment Plant-കളും വ്യവസായ പാർക്കുകളിൽ ക്രമീകരിക്കുന്നുണ്ട്. വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനംവഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് സർക്കാർ ഉത്തരവ് പ്രകാരം അവരുടെ ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം നഗര പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കർ ഭൂമിയും ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കർ ഭൂമിയിലും സ്വകാര്യ വ്യവസായ പാർക്കുകൾ

ആരംഭിക്കാൻ സാധിക്കും. ഇത്തരത്തിൽ സ്ഥാപിക്കുന്ന പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം സ്വകാര്യ സംരംഭകർക്കായിരിക്കും. അനുബന്ധ അനുമതികൾ ലഭ്യമാകുന്ന ഏകജാലക സംവിധാനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്വകാര്യ വ്യവസായ പാർക്കുകൾക്കും ബാധകമായിരിക്കും. സ്വകാര്യ വ്യവസായ പാർക്ക് ഉൾപ്പെടെ വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചുവരുന്നുണ്ട്.

(ഇ) എല്ലാത്തരം വ്യവസായങ്ങളും പാർക്കുകളിൽ ആരംഭിക്കാവുന്നതാണ്. എന്നാൽ ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങൾ ഒരു കുടക്കീഴിലാക്കി ആംരംഭിക്കുന്നതിനായി പ്രത്യേക ഇലക്ട്രോണിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, കോവിഡ് സൃഷ്ടിച്ച സാഹചര്യത്തിൽ ലോകമെങ്ങും ഹെൽത്ത് കെയറുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ ഡിമാൻഡ് വർദ്ധിക്കുകയാണ്. കേരളത്തെ ഒരു ഫാർമസി ഹബ്ബായി മാറ്റുമെന്ന പ്രഖ്യാപനം ഈ ദിശയിലേയ്ക്കുള്ള ചുവടുവയ്പ്പാണ്. ഈ

മേഖലയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി. യുടെ ലൈഫ് സയൻസ് പാർക്കിന്റെ ഒന്നാംഘട്ടത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്. ഈ മാസം അല്ലെങ്കിൽ അടുത്ത മാസംതന്നെ (ഒക്ടോബർ/നവംബർ) അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ കഴിയുമെന്ന കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. വാക്സിൻ ഉല്പാദനത്തിനാവശ്യമായിട്ടുള്ള പരമാവധി വ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ടും സംരംഭകരെ ആകർഷിക്കുന്ന ഇൻസെന്റീവുകൾ ഉൾപ്പെടുത്തികൊണ്ടും മന്ത്രി സഭ തീരുമാനമെടുത്തിട്ടുണ്ട്. അതോടൊപ്പം ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ എക്യൂപ്മെന്റ്സ്, കൺസ്യൂമബിൾസ് ഇവയുടെ നിർമ്മാണത്തിനാവശ്യമായ പുതിയ പാർക്കുകളും ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, കോവിഡിന്റെ സാഹചര്യത്തിനിടയിൽ CIBIL score കുറഞ്ഞുപോകുന്നത്

സ്വാഭാവികമായും സംഭവിക്കുന്ന ഒന്നാണ്. എന്നാൽ നവസംരംഭകർക്ക് ഈ കാരണം പറഞ്ഞ് വായ്പ നൽകാൻ പല ബാങ്കുകളും വൈമുഖ്യം കാണിക്കുന്ന സാഹചര്യത്തിൽ കെ.എസ്.ഐ.ഡി.സി. വഴിയും കേരള ബാങ്കുവഴിയും ഇവരെ പ്രത്യേകമായി സഹായിക്കാനുള്ള പദ്ധതികൾ വിപുലമാക്കുമോ;

ശ്രീ. പി. രാജീവ്: സർ, CIBIL score -ന്റെ കാര്യം, ഒരാൾ ഒരു ലോണും എടുത്തിട്ടില്ലെന്ന് കരുതുക അയാളുടെ CIBIL score മൈനസ് ഒന്നായിരിക്കും. അതുകൊണ്ട് അയാൾക്ക് ലോൺ ലഭിക്കില്ല. നിലവിൽ ബാങ്കുകളുടെ സമീപനം അതാണ്. അക്കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്യുകയാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുമായി ഞങ്ങൾ ഇന്നലെ ചർച്ച ചെയ്തിരുന്നു. കേരള ബാങ്കിൽനിന്നുതന്നെ അവരുടെ റെഗുലേഷനുകൾക്കകത്തുനിന്നുകൊണ്ട് വ്യവസായ സംരംഭകരെ ആകർഷിക്കാൻ എന്തെല്ലാം കാര്യങ്ങൾ കൊണ്ടുവരാൻ കഴിയുമെന്ന കാര്യം പരിശോധിക്കാമെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. പൊതുവേ സംരംഭകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും നൽകാൻ സർക്കാർ ശ്രമിക്കുന്നുണ്ട്.

ഡോ. എൻ. ജയരാജ്: സർ, കഴിഞ്ഞ ദിവസം എം.എൽ.എ. -മാരെ എല്ലാം വിളിച്ച് ഓരോ ജില്ലയിലേയും പ്രത്യേക വ്യവസായ വിഷയങ്ങളെ

സംബന്ധിച്ച് സംസാരിച്ചത് ഏറ്റവും ഉചിതമായി. അതിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. എന്റെ ചോദ്യം, പുതിയ സംരംഭം തുടങ്ങാൻ ധാരാളം ആളുകൾക്ക് താല്പര്യമുണ്ട്. അവർക്ക് കൃത്യമായിട്ടുള്ള ധാരണകൾ ഈ കാര്യത്തിലില്ല. ഈ കാര്യത്തിൽ വളരെ നല്ല നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായാൽ കൂടുതൽ ആളുകൾ ഈ രംഗത്തേയ്ക്ക് കടന്നുവരുമെന്നാണ് എന്റെ പ്രതീക്ഷ.

മി.സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു)

**അനുബന്ധം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 333-ന്റെ മറുപടി

(എ) കാസർഗോഡ് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെൽ-ഇ.എം.എൽ.-ന്റെ 51% ഓഹരി വാങ്ങി ടി സ്ഥാപനത്തെ ഏറ്റെടുക്കാൻ 07-09-2019-ലെ സ.ഉ.(കൈ) നം. 78/2019/വ്യവ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ തീരുമാനിക്കുകയും 28-07-2021-ൽ ഇതുമായി ബന്ധപ്പെട്ട എഗ്രിമെന്റ് ഫോർ സെയിൽ ഒപ്പുവച്ചതിലൂടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുകയും ചെയ്തു. കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ (HNL) ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കേരള സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ചെയ്തുതീർക്കേണ്ട നടപടികൾ പൂർത്തിയാക്കിയെങ്കിലും കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്ന കേന്ദ്രസർക്കാരിന്റെ പുതിയ നിർദ്ദേശം കാരണം ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോകുകയാണ്.

(ബി) രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനെ (ബി.പി.സി.എൽ.) കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ ഉദ്ദേശിക്കുന്ന കമ്പനികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ.-നെയും അതിന്റെതന്നെ ഭാഗമായ കൊച്ചിൻ റിഫൈനറിയെയും സ്വകാര്യവത്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 17/10/2019, 18/03/2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചിൻ റിഫൈനറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിന്മാറണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി

കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കത്തക്ക വിധത്തിൽ ശക്തിപ്പെടുത്തുന്ന നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ടുകൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്കരണ, വിപുലീകരണ, വൈവിദ്ധ്യവത്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും കമ്പനിയിലെ

ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ദ്ധരുടെയും അഭിപ്രായങ്ങളും പരിഗണിച്ച് പുതുക്കിയ മാസ്റ്റർ പ്ലാനുകൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ച് കഴിഞ്ഞാൽ അതിനെ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരുംവർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. ഇതിനായി പ്രത്യേക സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ യോഗ്യത പുനർനിശ്ചയിച്ച് അതാത് മേഖലയിൽ

വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖേന നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ നിയമനം സുതാര്യമായി നടത്തുന്നതിനായി പ്രത്യേകം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ സ്ഥാപന മേധാവികളുടെ കാര്യശേഷി വികസിപ്പിക്കുന്നതിനായി രാജ്യത്തെ മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേതുപോലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ പ്രവർത്തന ഘടകങ്ങളുടെയും പ്രവർത്തന മികവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളായി തിരിച്ച് കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾ കൂടുതൽ സുതാര്യമായും സാങ്കേതിക മികവിലും

സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് സഹായകരമായ മാനദണ്ഡങ്ങളും അത് നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളും സർക്കാരിന് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യകരമായ മത്സരക്ഷമത വളർത്തുന്നതിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പൊതുമേഖലാ സ്ഥാപനത്തിനും സ്ഥാപന മേധാവിക്കും മികച്ച പൊതുമേഖലാ ജീവനക്കാരനും അവാർഡ് ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.